VOL NO: 04 | ISSUE 49
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 DECEMBER 05 | 1442 RABIUL AKHIR 20 | ₹12

വാരിക

## ഇന്ത്യയുടെ ഭാഷാചരിത്രവും വിദ്യാഭ്യാസനയത്തിന്റെ ഭാഷാപഠന അജണ്ടകളും

കൃത്യമായ ലോകവീക്ഷണമുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരാൽ രൂപീകരിക്കപ്പെട്ടതാണ് ഇന്ത്യയുടെ വിദ്യാഭ്യാസ നയം. കാലോചിതമായ പരിഷ്കാരങ്ങൾ ഈ രംഗത്ത് നടന്നിട്ടുണ്ടെങ്കിലും സമൂലമായ മാറ്റങ്ങൾ അപൂർവമാണ്. കേന്ദ്ര ഗവണ്മെന്റിന്റെ പുതിയ വിദ്യാഭ്യാസ നയത്തിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് മുന്നോട്ടുവെച്ച പക്ഷപാതപരമായ തീരുമാനങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നു.

हिन्दी
తెలుగు
മലയാളം
ভাষা
বাংলা
संस्कृतम्

|| സവിശേഷം തദ്ദേശം
|| മൻഖൂസ് മൗലിദും മാറാവ്യാധികളും
|| ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം: പ്രമാണങ്ങളിലെ കൃത്യത

## തെരുവിലിറങ്ങിയ കർഷകരും ഉറക്കംനടിക്കുന്ന ഭരണകൂടവും

ആയിരക്കണക്കിനു കർഷകർ സർക്കാരിന്റെ പുതിയ കാർഷികനയത്തിനെതിരെ സമരവുമായി രാജ്യതലസ്ഥാനത്ത് തമ്പടിച്ചിരിക്കുകയാണ്. കർഷകർ രാജ്യത്തിന്റെ അടിസ്ഥാന വിഭാഗമാണ്. അവരുടെ അദ്ധ്വാനഫലമാണ് നമ്മുടെയെല്ലാം വിശപ്പകറ്റുന്നത്. അവരുടെ ന്യായമായ ആവശ്യങ്ങൾക്ക് നേരെ സർക്കാറിന് കണ്ണടക്കാനാവില്ല.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality


ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക
0203 / 2020 ഡിസംബർ 05 / 1442 റബീഉൽ ആഖിർ 20 / പുസ്തകം 04 / ലക്കം 49



# ഇന്ത്യയുടെ ഭാഷാചരിത്രവും വിദ്യാഭ്യാസനയത്തിന്റെ ഭാഷാപഠന അജണ്ടകളും

പി.ഒ ഉമർ ഫാറൂഖ്, തിരൂരങ്ങാടി / 10

**മുഖമൊഴി**
തെരുവിലിറങ്ങിയ കർഷകരും ഉറക്കംനടിക്കുന്ന ഭരണകൂടവും / 05

**ജാലകം**
ഹലീമ / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ ദർശനം**
ഹശ്ർ (തുരത്തിയോടിക്കൽ) / 23
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ഹദീസ് പാഠം**
കടലിൽ മുക്കിയെടുത്ത കൈവിരൽ / 27
ഉസ്മാൻ പാലക്കാഴി

**ലേഖനം**
സവിശേഷം തദ്ദേശം / 10
നബീൽ പയ്യോളി
ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം: പ്രമാണങ്ങളിലെ കൃത്യത / 18
ഡോ. ജൗസൽ
മൻഖൂസ് മൗലിദും മാറാവ്യാധികളും / 28
മൂസ സ്വലാഹി, കാര

**ബാലപഥം**
ആനയോളം ആശ്ചര്യം / 26
ഷാനിബ വടക്കേകാട്

**കാഴ്ച**
മറക്കാനാവാത്ത ചില ഗുരുമുഖങ്ങൾ / 34
സലാം സുറുമ എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




## പ്രവാചകന്മാരും പ്രബോധനവും

ജനങ്ങൾക്ക് സ്രഷ്ടാവിന്റെ സന്ദേശം എത്തിക്കുവാനാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവന്റെ കൽപനകളും നിർദേശങ്ങളും അനുസരിച്ചു ജീവിക്കുവാനും അങ്ങനെ പരലോകരക്ഷ ലഭിക്കുന്നവരായി മാറുവാനുമാണ് അവർ പ്രധാനമായും ജനങ്ങളെ ഉദ്ബോധിപ്പിച്ചത്. പ്രവാചകന്മാരുടെ ഉദ്ബോധനത്തിന്റെ ചില ഉദാഹരണങ്ങൾ കാണാം:

"അദ്ദേഹം (നൂഹ് നബി) പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്കു വ്യക്തമായ താക്കീതുകാരനാകുന്നു. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. എങ്കിൽ അവൻ നിങ്ങൾക്കു നിങ്ങളുടെ പാപങ്ങളിൽ ചിലത് പൊറുത്തുതരികയും, നിർണയിക്കപ്പെട്ട ഒരു അവധി വരെ നിങ്ങളെ നീട്ടിയിടുകയും ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ അവധി വന്നാൽ അത് നീട്ടിക്കൊടുക്കപ്പെടുകയില്ല..." (ക്വുർആൻ 71:2-6).

"അദ്ദേഹം (ഇബ്റാഹീം നബി) തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായമാർഗം കാണിച്ചുതരാം"(19:42,43).

മുഹമ്മദ് നബിﷺപറഞ്ഞു: "... ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ" (12:108).

അല്ലാഹു പറയുന്നു: "നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്" (33:45,46).

പ്രബോധനമെന്നത് നന്മയിലേക്കുള്ള ക്ഷണമാണ്. ഇനിയൊരു പ്രവാചകൻ വരാനില്ല. എന്നാൽ നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യൽ നിലനിൽക്കണം.

അല്ലാഹു പറയുന്നു: "നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ"(3:104).

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്"(9:71).

ഇതാകട്ടെ ഏറ്റവം ഉത്തമമായ വാക്കും പ്രവൃത്തിയുമാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?"(41:33).

**-മുഹമ്മദ് ബിലാൽ, തൃശൂർ**

**സ്കൂൾ ഓഫ് ഖുർആൻ പ്രദേശിക സെന്ററുകൾ അനുവദിക്കുന്നു**

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്കൂൾ ഓഫ് ഖുർആനിന്റെ പ്രദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind Al-Islamiyya, Jamia Campus, Mini Ootty - Oorakam

# തെരുവിലിറങ്ങിയ കർഷകരും ഉറക്കംനടിക്കുന്ന ഭരണകൂടവും

ഇന്ത്യ ഇതുവരെ കാണാത്ത ഒരു സമരത്തിന് സാക്ഷിയായിക്കൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിനു കർഷകർ സർക്കാരിന്റെ പുതിയ കാർഷികനയത്തിനെതിരെ സമരവുമായി രാജ്യതലസ്ഥാനത്ത് എത്തിയിരിക്കുകയാണ്. ആബാലവൃദ്ധം ജനങ്ങൾ എന്ന പ്രയോഗത്തെ അക്ഷരാർഥത്തിൽ സത്യപ്പെടുത്തുന്നതാണ് കർഷകരുടെ നിലനിൽപിനായുള്ള ഈ സമരം. അഞ്ചു വയസ്സുപോലും തികയാത്ത കുഞ്ഞുങ്ങളും തൊണ്ണൂറു കടന്ന വൃദ്ധരും കൊടിപിടിച്ച് അവശത വകവയ്ക്കാതെ നടന്നുനീങ്ങുന്നതും മുദ്രാവാക്യം മുഴക്കുന്നതും തങ്ങൾക്ക് എന്തെങ്കിലും സ്ഥാനമാനങ്ങൾ ലഭിക്കുവാനോ കോടികളുടെ കടം എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ടോ അല്ല.

ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ 80 ശതമാനത്തോളം ജനങ്ങൾ ചെറുകിട, ഇടത്തരം, നാമമാത്ര കാർഷിക വൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. പുതിയ നിയമം നടപ്പിലാക്കുമ്പോൾ രാജ്യത്തെ കർഷകർ വ്യാപകമായ ചൂഷണത്തിന് വിധേയരാകുമെന്ന കാര്യത്തിൽ തർക്കമില്ല. കാർഷികോൽപന്ന വിപണനം, അവശ്യസാധന നിയമഭേദഗതി, വിലയുറപ്പ് എന്നീ മൂന്ന് ബില്ലുകളും കർഷകരെ കുത്തക കച്ചവടക്കാരുടെ അടിമകളാക്കും. അഥവാ റിലയൻസ്, ബിഗ്ബസാർ, മോർ തുടങ്ങിയ കോപ്പറേറ്റ് കമ്പനികൾക്ക് കർഷകരുടെ മേൽ വളരെ പെട്ടെന്ന് തന്നെ ആധിപത്യം സ്ഥാപിക്കാനാകും.

പുതിയ നിയമമനുസരിച്ച് നിലവിലുള്ള പ്രാദേശിക ചന്തകളും വ്യാപാര കേന്ദ്രങ്ങളും ഇല്ലാതെയാകും. ഇതാണ് ഹരിയാനയിലെയും പഞ്ചാബിലെയും മറ്റു വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലെയും കർഷകരെ കൂടുതൽ പ്രകോപിപ്പിക്കുന്നത്. കാർഷിക വിളകൾക്കുള്ള താങ്ങുവില ഇല്ലാതാകും. കൃഷിരംഗത്ത് മത്സരം കൊണ്ടുവരുമെന്ന് പറയുന്നുണ്ടെങ്കിലും ഇതിന്റെ ഗുണം ഏതാനും വൻകിട കൃഷിക്കാർക്ക് മാത്രമായി ചുരുങ്ങും. കർഷകരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായാണ് ഈ നിയമങ്ങളെല്ലാം നടപ്പിലാക്കാൻ പോകുന്നത്.

കാർഷിക വിപണികളിലേക്ക് വൻകിട കോർപ്പറേറ്റുകളുടെ വ്യാപകമായ കടന്നുവരവിന് ഈ നിയമനിർമാണം വഴിയൊരുക്കും. കർഷകർക്ക് മുൻകൂറായി പണം നൽകി വ്യാപകമായി കരാർ കൃഷി ചെയ്യുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഈ നിയമനിർമാണത്തിലൂടെ ഇത്തരം കരാർകൃഷികൾക്ക് നിയമസാധുത ലഭിക്കും. കാർഷികോൽപന്നങ്ങളുടെ വില മാത്രമല്ല, കർഷകർ കൃഷി ചെയ്യേണ്ട വിളകളും വിത്തിനങ്ങളും കോർപ്പറേറ്റുകൾ തീരുമാനിക്കും. ഇത്തരം കോർപ്പറേറ്റ് ഭീമന്മാർ കരാർ കൃഷിയെ വ്യാപിപ്പിക്കുമ്പോൾ ചെറുകിട കർഷകർ പ്രതിസന്ധിയിലാകും. വൻകിട ഭൂവുടമകളുടെ വാണിജ്യ താൽപര്യങ്ങൾക്ക് അനുയോജ്യമായിട്ടായിരിക്കും കാർഷികോൽപാദനവും വിതരണവും നടക്കുക. കർഷക താൽപര്യങ്ങൾ കുഴിച്ചുമൂടുകയും കോർപ്പറേറ്റ് താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും.

കർഷകർ രാജ്യത്തിന്റെ അടിസ്ഥാന വിഭാഗമാണ്. അവരുടെ അധ്വാനഫലമാണ് നമ്മുടെയെല്ലാം വിശപ്പകറ്റുന്നത്. അതിനാൽ അവരുടെ ന്യായമായ ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചുകൊടുക്കേണ്ടതുണ്ട്. കോർപ്പറേറ്റ് ശക്തികൾക്ക് രാജ്യത്തെ തന്നെ അടിയറ വെക്കുന്ന ശ്രമങ്ങൾക്കെതിരെ എല്ലാവരും ഉണരണം. ഈ കർഷകസമരത്തോട് ആരും പുറം തിരിഞ്ഞു നിൽക്കരുത്. അവർ സമരം ചെയ്യുന്നതും അതിന്റെ പേരിൽ പ്രയാസങ്ങൾ അനുഭവിക്കുന്നതും എല്ലാ ഇന്ത്യക്കാർക്കും വേണ്ടിയാണ്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# ഹലീമ

യതീമായിട്ടാണ് മുഹമ്മദ് എന്ന കുട്ടി ജനിച്ചത്. ത്വാഇഫിലെ പ്രാന്തപ്രദേശത്ത് താഴ്‌വരകളിൽ താമസിക്കുന്ന ബനൂസഅ്ദ് ഗോത്രക്കാർ മക്കത്തുവന്ന് പ്രമുഖരുടെ മക്കളെ മുലപ്പാലുകൊടുത്തു വളർത്താൻ കൊണ്ടുപോകുക അക്കാലത്ത് പതിവായിരുന്നു. സ്വഛമായ വായു ശ്വസിച്ച് തണുപ്പുള്ള പ്രദേശത്ത് കുഞ്ഞുങ്ങൾ വളരട്ടെ എന്നതായിരുന്നു ഈ പതിവിന്ന് പ്രേരണയായത്. ബനൂസഅ്ദുകാർക്കാണെങ്കിൽ ഇതൊരു ജീവിത വരുമാനമാർഗമായിരുന്നു.

വേഷത്തിലും ഭാവത്തിലും ഭാരിദ്ര്യം നിഴലിച്ചിരുന്ന ഹലീമക്ക് പ്രമുഖരാരും കുഞ്ഞുങ്ങളെ കൊടുത്തില്ല. കൂടെ വന്നവരൊക്കെ സമ്പന്നരുടെ കുഞ്ഞുങ്ങളെ തെരഞ്ഞെടുത്തപ്പോൾ ഹലീമക്ക് ഒടുവിൽ ഈ അനാഥക്കുഞ്ഞിനെ സ്വീകരിക്കേണ്ടിവന്നു!


ഇത് ബനൂസഅ്ദ് ഗോത്രത്തിലെ ഹാരിഥ്-ഹലീമ ദമ്പതികളുടെ സൗഭാഗ്യജീവിതത്തിന്റെ തുടക്കമായിരുന്നു. രണ്ടുവർഷത്തെ മുലകുടി കാലത്തിന്നുശേഷം മുഹമ്മദ് എന്ന കുഞ്ഞ് കുറച്ചുകാലംകൂടി ഹലീമയുടെ കുടുംബത്തിൽ കഴിഞ്ഞു. പിന്നീട് പ്രവാചകത്വത്തിന്ന് അദ്ദേഹത്തെ പാകപ്പെടുത്താൻ വേണ്ട അത്ഭുത സംഭവങ്ങൾ പലതുമുണ്ടായി. കാലം അൽപം മുന്നോട്ടു ചലിച്ചു. മുഹമ്മദ്ﷺ പ്രവാചകനായി. പതിമൂന്ന് വർഷത്തെ ദുരിതപൂർണമായ മക്കാജീവിതത്തിന്നു ശേഷം മദീനയിലെത്തി. പിന്നെയും സംഭവബഹുലമായ എട്ടു വർഷം പിന്നിട്ടപ്പോഴേക്കും അഷ്ടദിക്കുകളിൽ ഇസ്‌ലാം എത്തി. തന്റെ പിതാമഹൻ തൗഹീദിന്നു വേണ്ടി സ്ഥാപിച്ച കഅ്ബയും മക്കാരാജ്യവും അദ്ദേഹം തിരിച്ചുപിടിച്ചു. ഹിജ്റ ഒമ്പതാം വർഷമായപ്പോഴേക്കും റോമാ സാമ്രാജ്യവും പേർഷ്യൻ ചക്രവർത്തിമാരുമടക്കം മുഹമ്മദ് നബിﷺയെ അറിഞ്ഞ് ആദരിക്കുന്ന അവസ്ഥയിലെത്തി.

ഹിജ്റ എട്ടാം വർഷം ഹുനൈൻ യുദ്ധം കഴിഞ്ഞ് നബിﷺയും പന്ത്രണ്ടായിരത്തിലധികം വരുന്ന സൈന്യവും മദീനയിലേക്ക് തിരിച്ചുപോകുന്ന വഴിയിൽ ജഅ്റാനയിൽ വിശ്രമിക്കാനിറങ്ങിയതായിരുന്നു.ഇതിന്നിടക്ക് അങ്ങകലെനിന്ന് വയോവൃദ്ധയായ ഒരു സ്ത്രീ വേച്ചുവേച്ചു നടന്നുവരുന്നത് നബിﷺ കാണുകയാണ്. അൽപനേരം ശ്രദ്ധിച്ചു നോക്കിയശേഷം നബിﷺ ചാടിയെഴുന്നേറ്റ് തന്റെ തട്ടമെടുത്ത് നിലത്തു വിരിച്ച ശേഷം ആ കിഴവിയെ ഏറെ ആദരപൂർവം സ്വീകരിച്ച് കൈപിടിച്ചു കൊണ്ടുവന്ന് തന്റെ അരികിൽ ചേർത്തിരുത്തി. ഇതു കണ്ട് യുവാക്കളായ സ്വഹാബികൾ അത്ഭുതം കൂറി! മഹാനായ റസൂൽﷺ ഈ പടു കിഴവിയെ ഇത്രയധികം ആദരിക്കാൻ എന്താകാര്യം? അവർ പരസ്പരം ചോദിച്ചു. മുതിർന്ന സ്വഹാബികൾ പറഞ്ഞു കൊടുത്തു: 'പാൽകൊടുത്തു വളർത്തിയ പോറ്റുമ്മ ഹലീമ ﵂.' പുതിയ ആ തലമുറക്ക് ഇത് ഏറെ അത്ഭുതമായിരുന്നു.

ഏറെ ഗുണപാഠങ്ങളുണ്ട് ഈ ചരിത്രത്തിൽ. മക്കൾ വളർന്ന് മഹാന്മാരും വിദഗ്ധരുമായി മാന്യതയുടെ പട്ടംചൂടി നടക്കുമ്പോൾ, വയോവൃദ്ധരായ, ഒരു വൈദഗ്ധ്യവുമില്ലാത്ത, ചേലും കോലവുമില്ലാത്ത മാതാപിതാക്കളെ കണ്ണിലെ കരടായി കാണുന്ന മക്കൾ ഏറെയുണ്ട് ഇക്കാലത്ത്. പഠിക്കുന്ന സ്ഥാപനങ്ങളിലെ പി.ടി.എ മീറ്റിംഗുകളിലേക്ക് വൃദ്ധമാതാപിതാക്കളെ കൊണ്ടുവരാൻ ലജ്ജിക്കുന്ന പഠിപ്പുള്ള പുതുയൗവനമാണ് വളരുന്നത്. പിന്നിട്ടവഴികൾ നാം മറക്കരുത്. നാം ഇവിടെ ഈ ഉയരങ്ങളിലെത്തിയതിന്റെ പിന്നിൽ ഒരുപാട് ത്യാഗങ്ങളുണ്ട്. വളർച്ചയുടെ പടവുകളുണ്ട്. ആകാശത്തുനിന്ന് കെട്ടിത്തൂക്കിയ നൂലിലൂടെ ഇറങ്ങിവന്നവരല്ല ആരും. ഒരു വ്യക്തി എന്ന നിലക്കും സമൂഹം എന്ന നിലക്കും സംഘടന-കൂട്ടായ്മ എന്ന നിലക്കും ആരൊക്കെയോ വിരിച്ച പായയിലാണ് കിടക്കുന്നതെന്നും നാം തുടക്കക്കാരല്ല തുടർച്ചക്കാരാണ് എന്നും ഒരിക്കലും മറക്കരുത്.

പ്രവാചകത്വത്തിന്റെ വിശ്വപ്രഭാവവും കൽപിച്ചതെന്തും ശിരസ്സാവഹിക്കാൻ സന്നദ്ധരായ പതിനായിരങ്ങളുടെ നിറസാന്നിധ്യവുമുണ്ടായിട്ടും, വേച്ചു വേച്ചു നടന്നുവരുന്ന ഹലീമ എന്ന പടുകിഴവിയെ സ്വന്തം തട്ടത്തിൽ ആദരിച്ചു ചേർത്തിരുത്തി മാതൃക കാണിച്ച നബിﷺയുടെ ഈ സുന്നത്താണ് വിശ്വാസികളുടെ സാമൂഹ്യബന്ധങ്ങൾക്ക് അടിസ്ഥാനമാകേണ്ടത്. പഴയയാഥാർഥ്യങ്ങളെ മറച്ചുവെച്ച് പുതിയ നുണകൾ തുടങ്ങിവെക്കുന്ന തന്ത്രപ്പാടിലാണ് ഇന്ത്യയിലെ ഫാസിസം. ഇത് ഒരു പൊതുസംസ്കാരമായി വളരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ബാബരി വിധി ഒരു വ്യവഹാരത്തിന്റെ തീർപ്പു മാത്രമല്ല ഒരു പുതിയ സമീപനത്തിന്റെ തുടക്കവും കൂടിയാണ്. ഈ സമീപനമാകട്ടെ എല്ലാ മതങ്ങൾക്കും ധർമവ്യവസ്ഥകൾക്കും എതിരുമാണ്.

നബീൽ പയ്യോളി
nabeelpayyoly@gmail.com




# സവിശേഷം തദ്ദേശം

**കേ**രളം മറ്റൊരു തെരഞ്ഞെടുപ്പിന്റെ തിരക്കിലാണ്. പതിവിൽനിന്നും വ്യത്യസ്തമായി നിരവധി സവിശേഷതകൾ ഈ തെരഞ്ഞെടുപ്പിനുണ്ട്. കേരളത്തിലെ 21,865 വാർഡുകളിൽ മൂന്ന് കോടിയോളം വോട്ടർമാരാണ് ഉള്ളത്. ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് തുടങ്ങിയ വിവിധ പ്രാദേശിക ഭരണകൂടങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പാണിത്. നിയമസഭ, ലോക്സഭാ തിരിഞ്ഞെടുപ്പുകളിൽനിന്നും വ്യത്യസ്തമായി പ്രാദേശിക വികസനങ്ങളും അടിസ്ഥാന സൗകര്യങ്ങളും അടക്കം ഓരോ വോട്ടർമാരും നേരിട്ടനുഭവിക്കുന്ന പ്രശ്നങ്ങളും വികസന കാഴ്ചപ്പാടുകളും ചർച്ചചെയ്യപ്പെടുന്ന ഒരു തെരഞ്ഞെടുപ്പ് എന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ പ്രത്യേകത. സ്ഥാനാനാർഥികൾ മിക്കവാറും വോട്ടർമാർക്ക് വ്യക്തിപരയായി പരിചയമുള്ളവരായിരിക്കുകയും ചെയ്യും.

## കോവിഡ് കാല തെരഞ്ഞെടുപ്പ്

ഈ തെരഞ്ഞെടുപ്പിന്റെ പ്രധാനപ്പെട്ട പ്രത്യേകത കോവിഡ് കാലത്ത് നടക്കുന്നത് എന്നതു തന്നെയാണ്. മഹാമാരി ഇനിയും വിട്ടുമാറിയിട്ടില്ലെന്ന തിരിച്ചറിവും ജാഗ്രതയും തെരഞ്ഞെടുപ്പ് രംഗത്ത് ഉണ്ടാവണം എന്നത് ഇലക്ഷൻ കമ്മീഷന്റെ പ്രധാന നിർദേശമാണ്. മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചുമാണ് സ്ഥാനാർഥികൾ പ്രചാരണം നടത്തേണ്ടത് എന്ന നിർദേശം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് എല്ലാ സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തേണ്ടതുണ്ട്. കൊറോണ ചെന്നെത്താത്ത ഒരിടവും ഭൂമിയിലില്ലെന്നുതന്നെ പറയാം. അതുകൊണ്ട് തന്നെ കോവിഡ് തെരഞ്ഞെടുപ്പിലെ പ്രധാന ചർച്ചാവിഷയമാണ്. കൊറോണക്കാലത്ത് പ്രാദേശിക ഭരണകൂടങ്ങളും ജനപ്രതിനിധികളും പൊതുപ്രവർത്തകരും ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ എത്രമാത്രം ഫലപ്രദമായി നിർവഹിച്ചു എന്നതിന് വോട്ടർമാർക്ക്

മുൻപിൽ മറുപടി നൽകാൻ അവർ ബാധ്യസ്ഥരാവും. നാടിനെ മൊത്തം ബാധിച്ച പ്രതിസന്ധി എന്ന നിലയിൽ തങ്ങളുടെ ജനപ്രതിനിധിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡം കൂടിയായി കോവിഡ്കാല ഇടപെടലുകൾ മാറിയിട്ടുണ്ട്. വിവിധ മുന്നണികളുടെ പ്രകടന പത്രികയിൽ കോവിഡ് വാക്സിൻ അടക്കമുള്ള വിഷയങ്ങൾ കടന്നുവന്നതും ഈ പശ്ചാത്തലത്തിലാണ്. കോവിഡ് രോഗികളോടും കുടുംബങ്ങളോടുമുള്ള സമീപനം, കമ്യൂണിറ്റി കിച്ചൺ, ക്വാറന്റൈൻ, കണ്ടെയ്ൻമെന്റ് സോൺ, ഭക്ഷണ സാധനങ്ങളുടെ ലഭ്യത, ആരോഗ്യ പരിശോധനകൾ തുടങ്ങി കൊറോണക്കാലത്തെ ഓരോ ഇടപെടലും ഓരോരുത്തരുടെയും വ്യക്തിജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പോലും ഈ തെരഞ്ഞെടുപ്പിന്റെ ഇടനാഴികളിൽ സജീവ ചർച്ച തന്നെയാണ്.

കോവിഡ് മനുഷ്യമനസ്സുകളിൽ വലിയ ഭീതിപടർത്തിയ രോഗമാണ്. അത് ഇനിയും വിട്ടുമാറിയിട്ടില്ല. ഇതിനെ രാഷ്ട്രീയമായി ദുരുപയോഗം ചെയ്യാനുള്ള ശ്രമവും ചിലയിടങ്ങളിൽ നടക്കുന്നുണ്ട്. സ്ഥാനാർഥിക്ക് കോവിഡ് പോസിറ്റീവ് ആണെന്ന സർട്ടിഫിക്കറ്റ് നൽകിയ വിവാദം അതിന്റെ ഉദാഹരമാണ്. സ്ഥാനാർഥി കോവിഡ് രോഗിയാണെന്നു പ്രചരിപ്പിച്ച് എതിരാളികളുടെ പ്രവർത്തനങ്ങളെ തളർത്താനുള്ള ശ്രമങ്ങളും അനാരോഗ്യ പ്രവണതകൾ തന്നെയാണ്. ഇത്തരം കുറുക്കുവഴികൾക്കപ്പുറം ജനങ്ങളുടെ ആവശ്യങ്ങൾക്ക് കാതോർക്കാനും ആരോഗ്യകരമായ തെരഞ്ഞെടുപ്പ് രംഗം നിലനിർത്താനുമാണ് രാഷ്ട്രീയ പാർട്ടികൾ ശ്രമിക്കേണ്ടത്.

### തദ്ദേശം തലമുറമാറ്റം

74899 സ്ഥാനാർഥികളാണ് തെരഞ്ഞെടുപ്പ് ഗോദയിൽ മാറ്റുരക്കുന്നത്. നാട്യമില്ലാത്ത നാട്ടുകാർ തന്നെയാണ് എല്ലാവരും. അയൽവാസികളും കുടുംബക്കാരും നാട്ടുകാരും ആയവരാണ് സ്ഥാനാർഥികൾ എന്നതുകൊണ്ട് പ്രാദേശിക തെരഞ്ഞെടുപ്പുകൾ എന്നും ഓരോരുത്തരുടെയും വ്യക്തി ബന്ധങ്ങൾകൂടി ജയപരാജയങ്ങൾ തീരുമാനിക്കാറുണ്ട്. അതുകൊണ്ട് സ്ഥാനാർഥി നിർണയത്തിൽ ജനകീയൻ എന്ന മാനദണ്ഡം സജീവമായി പരിഗണിക്കുന്ന ഘടകം തന്നെയാണ്. എന്നാൽ ഈ തെരഞ്ഞെടുപ്പിലെ പ്രത്യേകത ഇത് തലമുറ മാറ്റത്തിന്റേത് കൂടിയാണ് എന്നതാണ്. യുവജനങ്ങളാണ് സ്ഥാനാർഥികളിൽ ഭൂരിപക്ഷവും എന്നതാണ് ഏറ്റവും പ്രധാന സവിശേഷത. പുതുതലമുറയിലേക്ക് ഭരണയന്ത്രം കൈമാറുന്ന ഘട്ടമായി ഈ തെരഞ്ഞെടുപ്പിനെ നമുക്ക് വിലയിരുത്താം. പരിചയസമ്പന്നർ ഉണ്ടെങ്കിലും പതിവിൽ നിന്നും വിപരീതമായി എല്ലാ രാഷ്ട്രീയ പാർട്ടികളും പുതുമുഖങ്ങൾക്കും യുവാക്കൾക്കുമാണ് പ്രധാന പരിഗണന നൽകിയിരിക്കുന്നത്. പുതിയ കാലഘട്ടത്തിന്റെ ചലനങ്ങളെ മനസ്സിലാക്കി സമൂഹത്തിന്റെ വികസന കാഴ്ചപ്പാടുകളും ആവശ്യങ്ങളും നിർവഹിക്കാൻ ഈ മാറ്റത്തിലൂടെ സാധ്യമാവും. കേവല രാഷ്ട്രീയ തർക്കങ്ങൾക്കും അവകാശവാദങ്ങൾക്കുമപ്പുറം യാഥാർഥ്യബോധവും കാലത്തിന്റെ മാറ്റവും ചേർന്ന വികസന പ്രവർത്തനങ്ങളും ഭരണരീതിയും ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയം വരിക്കുന്നവരുടെ പ്രത്യേകതകളായിരിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. യുവജനങ്ങൾ നാടിന്റെ സമ്പത്താണെന്നും നാളെയുടെ വാഗ്ദാനങ്ങളാണ് അവർ എന്നും നാഴികയ്ക്ക് നാൽപത് വട്ടം പറയുന്നവർ അധികാരത്തിന്റെ ഇടനാഴികളിൽനിന്നും യുവാക്കളെ അകറ്റിനിർത്തുന്ന കാഴ്ചയാണ് മുൻകാലങ്ങളിൽ നാം കണ്ടത്. അതിൽനിന്നും തികച്ചും വ്യത്യസ്തമായി മുതിർന്നവർ സ്വയം മാറിനിൽക്കുകയും യുവാക്കൾക്ക് അവസരമൊരുക്കുകയും ചെയ്യുന്ന കാഴ്ച അഭിനന്ദനീയവും ശുഭകരവുമാണ്. സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനം ഇത്തരമൊരു തീരുമാനത്തിലേക്ക് രാഷ്ട്രീയ പാർട്ടി നേതൃത്വങ്ങളെ എത്തിക്കുന്നതിൽ ഉണ്ടായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും ഈ മാറ്റത്തിന്റെ അലയൊലികൾ ഉണ്ടാവും എന്നത് തീർച്ചയാണ്.

### പ്രവാസത്തിന്റെ തദ്ദേശം

പ്രവാസികളെ സംബന്ധിച്ചേടത്തോളവും ഈ തെരഞ്ഞെടുപ്പ് സവിശേഷമാണ്. ധാരാളം പ്രവാസി സുഹൃത്തുക്കൾ അന്യദേശത്തെ ജോലിയവസാനിപ്പിച്ച് നാട്ടിലെത്തിയപ്പോൾ തങ്ങളുടെ സ്ഥാനാർഥിയാവാനുള്ള നിയോഗമാണ് നാട് സമ്മാനിച്ചത്. നിരവധി മുൻ പ്രവാസികൾ ഇന്ന് ജനവിധി തേടുന്നവരുടെ പട്ടികയിലുണ്ട് എന്നത് പ്രവാസലോകത്തിന് ലഭിച്ച അംഗീകാരം കൂടിയായാണ് പ്രവാസി സമൂഹം കാണുന്നത്.

കൊറോണക്കാലത്ത് ഏറ്റവും കൂടുതൽ ദുരിതം അനുഭവിച്ചവർകൂടിയാണ് പ്രവാസികൾ. ആയിരത്തി

ലധികം മലയാളികൾ കേരളത്തിനു പുറത്ത് കോവിഡ് മൂലം മരണമടഞ്ഞിട്ടുണ്ട്. കോവിഡ് കാലത്ത് പ്രവാസികളുടെ മടക്കവുമായി ബന്ധപ്പെട്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സ്വീകരിച്ച നിലപാടുകളും സമീപനങ്ങളും വോട്ടുപെട്ടിയിൽ പ്രതിഫലിക്കും. പ്രവാസലോകത്ത് മരിച്ച മലയാളികളുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം, അവരുടെ പുനരധിവാസം, ജോലി നഷ്ടപ്പെട്ടവരുടെ പുനരധിവാസം, ധനസഹായം, ക്വാറന്റൈനുമായി ബന്ധപ്പെട്ട വിവാദങ്ങൾ, പ്രവാസികുടുംബങ്ങളോട് കാണിച്ച അനീതിയും അനാരോഗ്യ സമീപനങ്ങൾ തുടങ്ങിയവയെല്ലാം തെരഞ്ഞെടുപ്പിൽ ചർച്ചയാകും എന്നത് തീർച്ചയാണ്. ഇനിയും പ്രവാസലോകത്തേക്ക് മടങ്ങാനാവാതെ നാട്ടിൽ കുടുങ്ങിപ്പോയവരോട് സർക്കാരുകൾ സ്വീകരിക്കുന്ന സമീപനങ്ങളും പ്രവാസി കുടുംബങ്ങളിൽ സജീവ ചർച്ചാവിഷയം തന്നെയാണ്. ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ ധാരാളം പ്രവാസികളും ഈ തെരഞ്ഞെടുപ്പിന്റെ വിധിനിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കും. പലർക്കും ഇത് കന്നിവോട്ട് കൂടിയാണ്.

### പ്രാദേശിക വികസന കാഴ്ചപ്പാടുകൾ

ലോക്സഭ, നിയമസഭ തെരഞ്ഞടുപ്പുകളിൽനിന്നും വ്യത്യസ്തമായി ഓരോ വോട്ടറും തന്റെ ദൈനം ദിന ജീവിതത്തിൽ കാണുന്നതും അനുഭവിക്കുന്നതുമായ വ്യത്യസ്തമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഇടമാണ് പ്രാദേശിക ഭരണകേന്ദ്രങ്ങൾ. അതുകൊണ്ട്തന്നെ ഓരോ വോട്ടറുടെയും അനുഭവങ്ങളുടെയും പരിചയത്തിന്റെയും കണക്കുകൾ ഈ തെരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യുന്നതിനെ സ്വാധീനിക്കും. പാർപ്പിടം, ഭക്ഷണം, വെള്ളം, വെളിച്ചം, കൃഷി, തൊഴിൽ, ആരോഗ്യ-ഗതാഗത സൗകര്യങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ഷേമ പദ്ധതികൾ, ക്രമസമാധാന പ്രശ്നങ്ങൾ തുടങ്ങിയവ തെരഞ്ഞെടുപ്പിലെ പ്രധാന ചർച്ചാവിഷയമാണ്. മാലിന്യപ്രശ്നമാണ് മിക്കവാറും പ്രാദേശിക ഭരണകൂടങ്ങൾക്ക് മുൻപിൽ കീറാമുട്ടയായി ഇന്ന് നിലനിൽക്കുന്ന പ്രധാന വിഷയം. ഫലപ്രദമായ മാലിന്യസംസ്കരണ പദ്ധതികളാണ് കേരളത്തിന് ആവശ്യം. അതിന് പ്രാദേശിക ഭരണകൂടങ്ങളുടെ സഹായത്തോടെ സംസ്ഥാന സർക്കാർ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് വേണ്ടത്. കേരളം പോലെ ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്ത് ഇനിയും ഇത്തരം പദ്ധതികൾ വൈകിക്കൂടാ.

### സാമൂഹ്യ മാധ്യമങ്ങളിലെ തദ്ദേശം

കോവിഡും സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനവും ഒരുമിച്ച് വന്ന സാഹചര്യത്തിൽ സ്ഥാനാർഥികൾ സാമൂഹ്യമാധ്യമങ്ങളെ പ്രചാരണത്തിൽ വലിയ തോതിൽ തന്നെ ആശ്രയിക്കുന്നു എന്നത് ഈ തെരഞ്ഞെടുപ്പിന്റെ മറ്റൊരു സവിശേഷതയാണ്. സോഷ്യൽ മീഡിയയാണ് പ്രധാന പ്രചരണ മേഖല. സ്ഥാനാർഥികളുടെ ജീവിതം പറയുന്ന ഡോക്യുമെന്ററികളും അനൗൺസ്മെന്റുകളും വോയ്സ് കോളുകളും പ്രൊഫൈൽ പിക്ചറുകളും ഫ്രെയിമുകളും അടക്കം സാമൂഹ്യമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നുണ്ട്. മിക്ക സ്ഥാനാർഥികളും ഇതിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. യുവ സാരഥികളാണ് തെരഞ്ഞെടുപ്പ് ഗോഥയിലധികവും എന്നതിനാൽ തന്നെ അതിന്റെ പ്രതിഫലനം സാമൂഹ്യമാധ്യമങ്ങളിൽ പ്രകടമാണ്.

സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും മുൻകാലങ്ങളിൽ സ്വീകരിച്ച നിലപാടുകളും അവരുടെ ഇടപെടലുകളും ഒക്കെ പോസ്റ്റ്മോർട്ടം ചെയ്യുന്ന ഇടംകൂടിയാണ് സോഷ്യൽ മീഡിയ. നിരന്തരം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാകേണ്ടവരാണ് തങ്ങൾ എന്ന ബോധം ജനപ്രതിനിധികൾക്ക് വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഓരോ ഇടപെടലിലും സൂക്ഷ്മത പുലർത്താനും ജനങ്ങളെ പരിഗണിക്കാനും ബോധ്യപ്പെടുത്താനും രാഷ്ട്രീയ പ്രവർത്തകർ ജാഗ്രത കാണിക്കുകയും ചെയ്യുന്നുണ്ട്.

### വർഗീയതക്കെതിരെ വോട്ട്

നാടിന്റെ സമാധാനവും സ്വസ്ഥതയും തകർക്കുന്ന വർഗീയ ശക്തികൾക്കെതിരെ ഓരോ നാടും പ്രതികരിക്കുകകൂടി ചെയ്യുന്ന കാലമാണിത്. അത് തെരഞ്ഞെടുപ്പ് ജയപരാജയങ്ങളിൽ കാണുകയും ചെയ്യും. തീവ്ര നിലപാടുകാരുടെയും ജനാധിപത്യവിരുദ്ധ സമീപനങ്ങൾ വെച്ചുപുലർത്തുന്നവരുടെയും വർഗീയത ഇന്ധനമാക്കിയവരുടെയും നിലപാടുകൾക്കെതിരെയുള്ള ജനവികാരം പ്രകടമാവുന്ന തെരഞ്ഞെടുപ്പ് കൂടിയാണ് നമ്മുടെ മുന്നിൽ എത്തിനിൽക്കുന്നത്.

ഏതെങ്കിലും വ്യക്തികളോടുള്ള ഇഷ്ടാനിഷ്ടങ്ങൾക്കും സ്വാർഥ താൽപര്യങ്ങൾക്കുമപ്പുറം നാടിന്റെ പൊതുവായ നന്മക്കും വികസനത്തിനും സമാധാനാന്തരീക്ഷത്തിനും കരുത്ത് പകരുന്ന ജനവിധിക്കായി സമ്മതിദാനം വിനിയോഗിക്കാൻ നമുക്ക് സാധ്യമാവട്ടെ.

പി.ഒ ഉമർ ഫാറൂഖ്, തിരൂരങ്ങാടി
mail@nerpatham.com



# ഇന്ത്യയുടെ ഭാഷാചരിത്രവും വിദ്യാഭ്യാസനയത്തിന്റെ ഭാഷാപഠന അജണ്ടകളും

**കൃത്യമായ ലോകവീക്ഷണമുള്ള നിരവധി വിദ്യാഭ്യാസവിചക്ഷണന്മാരാൽ രൂപീകരിക്കപ്പെട്ടതാണ് ഇന്ത്യയുടെ വിദ്യാഭ്യാസ നയം. കാലോചിതമായ പരിഷ്‌കാരങ്ങൾ ഈ രംഗത്ത് നടന്നിട്ടുണ്ടെങ്കിലും സമൂലമായ മാറ്റങ്ങൾ അപൂർവമാണ്. കേന്ദ്ര ഗവണ്മെന്റിന്റെ പുതിയ വിദ്യാഭ്യാസ നയത്തിൽ ഭാഷാ പഠനവുമായി ബന്ധപ്പെട്ട് മുന്നോട്ടുവെച്ച പക്ഷപാതപരമായ തീരുമാനങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നു.**

ഏതൊരു രാഷ്ട്രത്തെയും സാമൂഹികമായും സാംസ്‌കാരികമായും സാമ്പത്തികമായും പരിവർത്തിപ്പിക്കുന്നതിൽ വിദ്യാഭാസ പാഠ്യപദ്ധതികൾക്കുള്ള പങ്ക് അവിതർക്കിതമാണ്. വിദ്യാഭാസ പാഠ്യപദ്ധതിയിൽ മതതീവ്രവാദം, വംശീയത, വർഗീയത, വർണവെറി, മറ്റു രാജ്യങ്ങളോടുള്ള ശത്രുത തുടങ്ങിയവ കുത്തിനിറച്ച രാജ്യങ്ങളിൽ എന്തു സംഭവിച്ചു എന്നതിന് നമുക്ക് മുന്നിൽ അനുഭവസാക്ഷ്യങ്ങളുണ്ട്. വിദ്യാഭ്യാസ പ്രക്രിയകൾ, വിദ്യാഭ്യാസ പാഠ്യപദ്ധതി തുടങ്ങിയവ നിർണയിക്കുന്നതിൽ അതാതുകാലത്തെ വിദ്യാഭ്യാസനയങ്ങൾ അതിപ്രധാന പങ്കുവഹിക്കുന്നു. അതുകൊണ്ടുതന്നെ രാഷ്ട്രത്തിന്റെ വിദ്യാഭ്യാസ

നയങ്ങളെ സഗൗരവം വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടത് ഒരുജനാധിപത്യരാഷ്ട്ര സംവിധാനത്തിൽ അനിവാര്യമാണ്.

വിദ്യാഭ്യാസ നയത്തിൽ അടിമുടി മാറ്റങ്ങൾ നിർദേശിച്ചുകൊണ്ടാണ് മോദി സർക്കാർ 2020ലെ ദേശീയ വിദ്യാഭ്യാസനയം അംഗീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസഘടനയിൽ കാതലായ മാറ്റങ്ങളാണ് നയം നിർദേശിക്കുന്നത്. നയരേഖ പരാമർശിക്കുന്ന 10+2 പാറ്റേണിൽനിന്നും 5+3+3+4 ലേക്കുള്ള മാറ്റത്തെക്കുറിച്ചും ഈ ഘടനാമാറ്റത്തിനനുസരിച്ചുള്ള ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയെക്കുറിച്ചുമെല്ലാം ഒട്ടേറെ ചർച്ചകൾ നടന്നുകഴിഞ്ഞു. എന്നാൽ നയരേഖ നിർദേശിക്കുന്ന ഘടനാപരമായ മാറ്റങ്ങളോ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയോ ചർച്ചചെയ്യുന്നതിനെക്കാൾ പ്രധാനമായി നാം കാണേണ്ടത് പാഠ്യ പദ്ധതിയുടെ ഭാഗമായി എന്തൊക്കെയാണ് പഠിപ്പിക്കാൻ നിർദേശിക്കപ്പെട്ടിരിക്കുന്നത് എന്നതാണ്. സാമൂഹികവും സാംസ്‌കാരികവുമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതും ഇന്ത്യയിൽ നിലനിൽക്കുന്ന മതേതര പാരമ്പര്യത്തിനു കോട്ടങ്ങളുണ്ടാക്കുന്നതുമായ എന്തെല്ലാം നിർദേശങ്ങളാണ് നയരേഖ മുന്നോട്ടു വെച്ചിരിക്കുന്നത് എന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്. സവർണ പ്രത്യയശാസ്ത്രത്തിന്റെ അസ്തിവാരത്തിൽ രൂപംകൊണ്ട ആർ.എസ്.എസിന്റെയും ബ്രാഹ്മണ മേൽക്കോയ്മ അരക്കിട്ടുറപ്പിച്ച് അധികാരസ്ഥാനത്തിരിക്കുന്ന ബി.ജെ.പി എന്ന രാഷ്ട്രീയപ്രസ്ഥാനത്തിന്റെയും മേൽനോട്ടത്തിൽ ഒരു നയരേഖ രൂപംകൊള്ളുമ്പോൾ അത് വരേണ്യ ഹൈന്ദവമേധാവിത്വത്തിന്റെ ഇംഗിതത്തിനനുസരിച്ചുള്ളതും വർണാശ്രമവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതുമായിരിക്കും എന്ന ആശങ്ക സ്വാഭാവികമാണ്.

പുതിയ വിദ്യാഭ്യാസ നയത്തിൽ ഏറ്റവും കൂടുതൽ മാറ്റങ്ങൾ നിർദേശിച്ചിട്ടുള്ളത് ഭാഷാ പഠനത്തിലാണ്. രാഷ്ട്രത്തിന്റെ സാങ്കേതികവികസനം ത്വരിതപ്പെടുത്തുന്ന ശാസ്ത്രപഠനത്തിനോ ഗണിതപഠനത്തിനോ നൽകാത്ത പരിഗണനയാണ് ഭാഷാപഠനത്തിന് നയരേഖ നൽകിയിരിക്കുന്നത്. മാത്രമല്ല ഭാഷയുടെ കൂട്ടത്തിൽ സംസ്‌കൃത ഭാഷക്ക് അർഹിക്കുന്നതിലേറെ പരിഗണന നൽകുകയും ചെയ്തിട്ടുണ്ട്. ഈ പരിഗണന വൈദിക കാലത്തെ ചാതുർവർണ്യവ്യവസ്ഥയിലേക്കുള്ള തിരിച്ചുപോക്കിന് കാരണമാകുമോ എന്ന ആശങ്കയാണ് മതേതരമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ഓരോ ഇന്ത്യൻ പൗരനിലും ഉണ്ടാക്കുന്നത്. ഇന്ത്യയിലെ കോടിക്കണക്കിനു ജനങ്ങൾ സംസാരിക്കുന്ന സുപ്രധാന ഭാഷകളെക്കുറിച്ച് നയരേഖ മൗനം പാലിക്കുന്നതും ഇപ്പോൾ യൂണിവേഴ്‌സിറ്റി തലങ്ങളിൽ പഠനവിഷയമായി നിലനിൽക്കുന്നതും അന്താരാഷ്ട്രതലത്തിൽ ഏറെ പ്രധാന്യമർഹിക്കുന്നതുമായ ചില ഭാഷകളെ അവഗണിച്ചതും ഏറെ ആശങ്കയുളവാക്കുന്നുണ്ട്.

ജനങ്ങളെ വർഗീയമായി വിഭജിക്കുന്നതിനും ന്യൂനപക്ഷങ്ങളും ബ്രാഹ്മണേതര വിഭാഗങ്ങളും ഉപയോഗിക്കുന്ന ഭാഷകളെ ഇകഴ്ത്തുന്നതിനുമുള്ള ശ്രമമായി നയരേഖയുടെ ഭാഷാസമീപനത്തെ കാണാനാവും. ഇന്ത്യാരാജ്യത്ത് ബ്രാഹ്മണേതരർ ഉപയോഗിച്ചിരുന്ന ഭാഷകളോട് എല്ലാകാലത്തും സവർണ ഹൈന്ദവ മേധാവിത്വം വിപ്രതിപത്തികാണിച്ചിട്ടുണ്ട് എന്നത് ഇന്ത്യയിലെ ഭാഷാവിഭജന ചരിത്രത്തെക്കുറിച്ചു വിശകലനം നടത്തിയാൽ മനസ്സിലാകും. വൈവിധ്യമാർന്ന സംസ്‌കാരങ്ങളുടെ സംഗമഭൂമിയായ ഇന്ത്യാരാജ്യം ഭാഷയുടെ കാര്യത്തിലും വൈവിധ്യം വെച്ചുപുലർത്തിയിട്ടുണ്ട്.

### ഇന്ത്യയിലെ ഭാഷാവൈവിധ്യം

1961ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ 1,652 ഭാഷകളുണ്ട്. 70% ജനങ്ങൾ സംസാരിക്കുന്ന ഇന്തോയൂറോപ്യൻ, ഇന്തോആര്യൻ ഭാഷകളും 22% ജനങ്ങൾ സംസാരിക്കുന്ന ദ്രാവിഡ ഭാഷകളുമാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങൾ. വൈദികകാലത്ത്

> **ബ്രാഹ്മണ വംശമേധാവിത്വത്തിന്റെ കിരാതമായ സാമൂഹ്യ സാഹചര്യങ്ങളിൽ പീഡിതരായ ദശലക്ഷക്കണക്കിന് കീഴാളജനങ്ങളുടെ ദീനരോദനങ്ങൾ മാത്രം കേൾക്കാൻ വിധിക്കപ്പെട്ട കാലത്തിന്റെ ആവർത്തനമല്ലാതെ സംഘ്പരിവാർ അജണ്ടയിലെ സംസ്‌കൃത പഠനം മനുഷ്യകുലത്തിന് മറ്റൊരു സംഭാവനയും നൽകാൻ പോകുന്നില്ല. സംസ്‌കൃതത്തെ മഹത്ത്വവൽകരിക്കുന്നതിന് ഉറുദുഭാഷയെ അവഗണിക്കുക മാത്രമല്ല നയരേഖ ചെയ്യുന്നത്, ലോകത്തിന് മഹത്തായ സംഭാവനകൾ നൽകിയ ലാറ്റിൻ, ഗ്രീക്ക് ഭാഷകളെ പുച്ഛിച്ചുതള്ളുവാനും നയരേഖ ശ്രമിക്കുന്നുണ്ട്.**

സാധാരണക്കാർ സംസ്കൃത ഭാഷ വ്യാപകമായി ഉപയോഗിച്ചിരുന്നുവെങ്കിലും കാലാന്തരത്തിൽ ആ ഭാഷ സ്വാഭാവിക പരിണാമങ്ങൾക്കു വിധേയമാകുകയും വ്യത്യസ്തങ്ങളായ ഉപഭാഷകളായി രൂപാന്തരപ്പെടുകയും ചെയ്തു. ക്രിസ്താബ്ദം പത്താം നൂറ്റാണ്ടുവരെ വടക്കെ ഇന്ത്യയിൽ ഇന്തോആര്യൻ ഭാഷയായ സംസ്കൃതത്തിൽനിന്നും രൂപം കൊണ്ട ഏതാനും പ്രാദേശിക ഭാഷകളായിരുന്നു ഉപയോഗിച്ചുവന്നിരുന്നത്. അവയിൽ പ്രധാനപ്പെട്ടത് ഖഢീബോലി എന്ന പ്രാദേശിക ഭാഷയായിരുന്നു. ദേവനാഗിരി ലിപിയിലാണ് ഖഢീബോലി പോലുള്ള പ്രാദേശിക ഭാഷകൾ എഴുതപ്പെട്ടിരുന്നത്.

## ഉറുദുഭാഷയുടെ ചരിത്രം

പത്താം നൂറ്റാണ്ടിൽ പശ്ചിമേഷ്യയിൽനിന്നും വടക്കെ ഇന്ത്യയിലേക്കുണ്ടായ കുടിയേറ്റത്തിന്റെ ഫലമായി പുറമെനിന്നെത്തിയ ഭാഷകളിൽനിന്നുള്ള പദങ്ങളും ശൈലികളും ധാരാളമായി ഖഢീ ബോലിയിൽ കലരുകയും ക്രമേണ അത് പുതിയ ഒരു ഭാഷയായി രൂപാന്തരപ്പെടുകയും ചെയ്തു. ഈ മിശ്രഭാഷയാണ് പിൽകാലത്ത് ഉറുദു എന്ന പേരിൽ അറിയപ്പെട്ടത്. ദേവനാഗിരി ലിപിയിൽ നിരക്ഷരരായിരുന്നുവെങ്കിലും മുസ്‌ലിം വിഭാഗത്തിൽപെട്ട സാധാരണക്കാർ മതവിദ്യാഭ്യാസത്തിന്റെ ഭാഗമായി അറബി ഭാഷയിൽ എഴുതാനും വായിക്കാനുമുള്ള കഴിവുനേടുക പതിവായിരുന്നു. അതിനാൽ ഉറുദു ഭാഷയിൽ എഴുതുന്നതിന് നിലവിലുണ്ടായിരുന്ന ദേവനാഗിരി ലിപിക്കു പകരം അറബി, പേർഷ്യൻ ലിപി കളാണ് അവർ ഉപയോഗപ്പെടുത്തിയത്. ദേവനാഗിരി ലിപിയിൽനിന്നും മാറി ഉറുദു പുതിയ ലിപി സ്വീകരിച്ചതിന്റെ ഫലമായി ഉറുദുവും മറ്റു പ്രാദേശിക ഭാഷകളും തമ്മിൽ കൂടുതൽ അകന്നു.

മുസ്‌ലിംകളുടെ ഭാഷയായ അറബിയുടെ ലിപി സ്വീകരിക്കപ്പെട്ടതിനാൽ ഉറുദുവുമായി ചേരാതെ ഖഢീബോലിയുടെ മറ്റൊരു പിരിവ് സംസ്കൃതത്തോടടുക്കുകയും പുതിയ രൂപം പ്രാപിക്കുകയും അത് പിന്നീട് ഹിന്ദി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. അറബി, പേർഷ്യൻ ലിപികളോട് വിപ്രതിപത്തി കാണിച്ച സവർണ ഹൈന്ദവ വിഭാഗങ്ങൾ ഹിന്ദി ഭാഷ ഉപയോഗിക്കുകയും ഖഢീബോലിയുടെ ലിപിയായ ദേവനാഗിരിയിൽതന്നെ അതിനെ നിലനിർത്തുകയും ചെയ്തു. ഉറുദുഭാഷയോടുള്ള വരേണ്യ വർഗത്തിന്റെ അസഹിഷ്ണുതയാണ് ഹിന്ദിഭാഷയുടെ ഉൽഭവത്തിനും നിലനിൽപിനും ഹേതുവായത്. അറബി, പേർഷ്യൻ ലിപികളിൽ എഴുതപ്പെട്ടിരുന്ന ഉറുദുവിന് മധ്യകാല മുസ്‌ലിം ഭരണാധികാരികൾ ഏറെ പ്രോത്സാഹനം നൽകി. ഉറുദു ഭാഷയിൽ ഒട്ടേറെ സാഹിത്യകൃതികൾ ജന്മംകൊള്ളാൻ ഇത് കാരണമായി. പൊതുജനങ്ങൾക്കിടയിൽ ഉറുദുഭാഷ കൂടുതൽ സ്വീകാര്യമായി. ക്രമേണ ഉറുദു ഭാഷയ്ക്കു ഔദ്യോഗിക തലത്തിൽ കുടുതൽ സ്വാധീനം നേടാനും ഭരണകൂടത്തിന്റെ ഔപചാരികഭാഷയായി മാറുവാനും സാധിച്ചു. 1837 മുതൽ കോടതിയിലെയും കച്ചേരിയിലെയും വ്യവഹാര ഭാഷയായി ഉറുദു മാറി. മുഗൾ ഭരണാധികാരികൾ ഉറുദുവിന് പ്രോത്സാഹനം നൽകിയപ്പോഴും ഖഢീബോലിയുടെ രണ്ടു പിരിവുകളിലൊന്നായി ഉറുദുവിനോടൊപ്പം ഹിന്ദിയും വേറിട്ടുവളർന്നു. അതോടൊപ്പം ഈ രണ്ടു ഭാഷാ വിഭാഗങ്ങളുടെ സൗഹൃദത്തിന്റെ പ്രതീകമായി ഹിന്ദി ഉറുദു മിശ്രഭാഷയായി ഹിന്ദുസ്ഥാനി എന്ന മൂന്നാമതൊരു ഭാഷാസങ്കരം രൂപംകൊള്ളുകയും ചെയ്തു. അറബി, പേർഷ്യൻ ലിപിയിലും ദേവനാഗിരി ലിപിയിലും ഈ ഭാഷ എഴുതപ്പെട്ടതിനാൽ സാധാരണക്കാരായ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ ഭാഷ കൂടുതൽ സ്വീകാര്യമായി. രണ്ടു ലിപികളിലും എഴുതപ്പെടുകയും വലിയ ഒരു വിഭാഗം ആളുകൾ തങ്ങളുടെ ഭാഷയായി ഹിന്ദുസ്ഥാനിയെ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി ഹിന്ദി, ഉറുദു മിശ്രഭാഷയായ ഹിന്ദുസ്ഥാനിയിൽ ധാരാളം കൃതികളും ഇക്കാലഘട്ടത്തിൽ വിരചിതമായി.

1857ലെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് മുഗൾ സാമ്രാജ്യം തകരുകയും ബ്രിട്ടീഷുകാർ എല്ലാ രംഗത്തും ആധിപത്യം ഉറപ്പിക്കുകയും ചെയ്തു. ഇതിനെതിരെ ദേശസ്നേഹികളായ ഇന്ത്യക്കാർ ശക്തമായ ചെറുനിൽപ്പാണ് നടത്തിയത്. ഇന്ത്യയിലെ ഹിന്ദു-മുസ്‌ലിം ഐക്യത്തെ ഭയപ്പെട്ട ബ്രിട്ടീഷ് സാമ്രാജ്യത്ത ശക്തികൾ ഹിന്ദു-മുസ്‌ലിം ഐക്യം തകർക്കുന്നതിനുള്ള ശ്രമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇന്ത്യയുടെ പ്രാചീന കാലഘട്ടത്തെ ഹൈന്ദവ കാലഘട്ടം അഥവാ സുവർണ കാലഘട്ടമെന്നും മുസ്‌ലിം കാലഘട്ടത്തെ ഇരുണ്ട കാലഘട്ടമെന്നും തുടർന്നുള്ളതിനെ ബ്രിട്ടീഷ് കാലഘട്ടമെന്നും മൂന്നായി തിരിച്ച് ബ്രിട്ടീഷ് ചരിത്രകാരനായിരുന്ന ജെയിംസ്മിൽ ആവിഷ്ക്കരിച്ച മതാധിഷ്ഠിത കാലഘട്ട വിഭജനസിദ്ധാന്തം ആ ശ്രമത്തിന്റെ ഭാഗമായിരുന്നു. അക്കാലംവരെ ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത രാമജന്മഭൂമി വിവാദവും മുഗൾ സാമ്രാജ്യ ഭരണകാലത്ത് നിലവിലില്ലാതിരുന്ന ഹിന്ദി-ഉറുദു സംഘർഷവും ഇന്ത്യൻ ജനതയിൽ വിഭജനം സൃഷ്ടി

ക്കുന്നതിന്റെ ഭാഗമായി ബ്രിട്ടീഷുകാർ ഉയർത്തിക്കൊണ്ടുവന്ന പ്രശ്നങ്ങളായിരുന്നു.

മധ്യേന്ത്യയിലെ സവർണ ഭൂപ്രഭു വർഗത്തിന്റെയും അധികാരം നഷ്ടമായ ഹൈന്ദവ നാടുവാഴി വിഭാഗങ്ങളുടെയും പിന്തുണ വർഗീയ വിഭജനത്തിനായുള്ള ബ്രിട്ടീഷുകാരുടെ ശ്രമങ്ങൾക്ക് വെള്ളവും വെളിച്ചവും നൽകി. പുരാതന ആര്യൻ സംസ്കാരത്തെക്കുറിച്ചും പൗരാണിക സംസ്കൃത കൃതികളെക്കുറിച്ചുമൊക്കെ പഠനം നടത്താൻ തൽപരകക്ഷികൾക്ക് ബ്രിട്ടീഷുകാർ ഏറെ പ്രോത്സാഹനം നൽകി. ബ്രിട്ടീഷ്-ബ്രാഹ്മണ അവിശുദ്ധ ബന്ധത്തിലൂടെ കാൽപനികമായ ഒരു ഇന്ത്യൻ സങ്കൽപം അവർ വളർത്തിയെടുത്തു. ഇന്ത്യയുടെ 'സുവർണ കാലഘട്ട'ത്തെക്കുറിച്ചുള്ള യാഥാർഥ്യവിരുദ്ധമായ ഒരു മിത്ത് നിർമിച്ചെടുക്കാനും വ്യാജമായ ഈ പരികൽപനയിൽ ഒരു മിഥ്യാഭിമാനം രൂപപ്പെടുത്താനും ബ്രിട്ടീഷുകാരുടെ പിന്തുണയോടെ ഇന്ത്യയിലെ ജാതിഹിന്ദുക്കൾക്ക് സാധിച്ചു. ഈ അവസരം പ്രയോജനപ്പെടുത്തി ഔദ്യോഗിക ഭാഷയായ ഉറുദുവിനെ മാറ്റി ഹിന്ദിയെ അവരോധിക്കാനുള്ള ശ്രമങ്ങൾക്ക് ഹിന്ദു വരേണ്യവർഗം നേതൃത്വം നൽകി. അറബി, പേർഷ്യൻ ലിപികളിൽ എഴുതപ്പെടുന്ന ഉറുദുഭാഷ ഉപയോഗിക്കുന്നത് ബ്രാഹ്മണർക്ക് അത്രമേൽ അഹിതമായിരുന്നു. സവർണ വിഭാഗങ്ങളുടെ പിന്തുണയോടെ ബ്രഹ്മസമാജ് നേതാവായിരുന്ന ശങ്കർ ലാലിന്റെ നേതൃത്വത്തിൽ ഹിന്ദിയെ ഔപചാരിക ഭാഷയാക്കി പ്രഖ്യാപിക്കുന്നതിനുള്ള സമരങ്ങൾക്കു തുടക്കം കുറിച്ചു. ഹിന്ദു-മുസ്‌ലിം സംഘർഷത്തിനും ശക്തമായ ഉറുദു-ഹിന്ദി ഭാഷ ഭിന്നതയ്ക്കും ഇതു കാരണമായി. 1901ൽ ബ്രിട്ടീഷുകാരുടെ പിന്തുണയോടെ ഈ സമരം വിജയത്തിലെത്തുകയും ഔദ്യോഗിക ഭാഷയായി ഉറുദുവിനുപകരം ഹിന്ദിഭാഷ നടപ്പാക്കുകയും ചെയ്തു. ഹിന്ദി ഔദ്യോഗിക ഭാഷയായി സ്ഥാനംപിടിച്ചുവെങ്കിലും ബഹുഭൂരിഭാഗം സാധാരണക്കാരും ഉപയോഗിച്ചിരുന്ന ഭാഷ എന്ന നിലയിൽ പാഠപുസ്തകങ്ങളിൽ ഹിന്ദിയും ഉറുദുവും ചേർന്ന ഹിന്ദുസ്ഥാനി ഭാഷയായിരുന്നു ഉപയോഗിച്ചിരുന്നത്.



പാഠപുസ്തകങ്ങൾ ഹിന്ദിയിലാക്കുന്നതിനും ഹിന്ദി-ഉറുദു മിശ്ര പാരമ്പര്യത്തിൽപെട്ട കൃതികളെ ഉന്മൂലനം ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പിന്നീടുനടന്നത്. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ഉപയോഗിക്കുന്ന ഹിന്ദി-ഉറുദു സങ്കലനഭാഷയായ ഹിന്ദുസ്ഥാനിക്കെതിരിലും നീക്കങ്ങൾനടന്നു. പാഠപുസ്തകങ്ങളിലും മറ്റു പൊതുവ്യവഹാരങ്ങളിലും ബഹുഭൂരിപക്ഷത്തിനും സ്വീകാര്യമായ ഹിന്ദുസ്ഥാനിഭാഷ ഉപയോഗിക്കണമെന്ന് ഗാന്ധിജിയെപ്പോലുള്ള സ്വാതന്ത്ര്യസമര നായകർ അഭ്യർഥിച്ചുവെങ്കിലും ആ അഭ്യർഥന സ്വീകരിക്കാൻ സവർണ ഹൈന്ദവവാദികൾ തയ്യാറായില്ല. ഹിന്ദിയെ പൂർണമായും സംസ്കൃതവത്കരിക്കുകയും ക്രമേണ സംസ്കൃതത്തെ രാഷ്ട്രഭാഷയാക്കുകയും ചെയ്യുക എന്ന ലക്ഷ്യമായിരുന്നു ഹൈന്ദവ വരേണ്യ ജാതികൾക്കുണ്ടായിരുന്നത്. ഇതിന്റെ ഭാഗമായി ഹിന്ദിയിൽനിന്ന് ഉറുദുസ്വാധീനം ഇല്ലാതാക്കുന്നതിനും ഹിന്ദിയിൽ സംസ്കൃത സ്വാധീനം വർധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾക്ക് ഹൈന്ദവ വരേണ്യവർഗം തുടക്കംകുറിച്ചു. കേവലം 5 ശതമാനം വരുന്ന ബ്രാഹ്മണർക്കിടയിൽ മാത്രം ഉപയോഗിക്കുന്ന സംസ്കൃതം ഹിന്ദിയിൽ ഉൾച്ചേർത്തുകൊണ്ടും ഉറുദു, പേർഷ്യൻ, രാജസ്ഥാനി, മൈഥിലി, ഭോജ്പൂരി, ബുജി, ചത്തിസ്ഖഢി, ഔദ്, റോസൽ ഖണ്ഡി തുടങ്ങി ഭാഷകളുടെ ഹിന്ദി സ്വാധീനത്തെ നിഷേധിച്ചുകൊണ്ടും രൂപപ്പെടുത്തിയ ഹിന്ദിഭാഷ മഹാഭൂരിപക്ഷത്തിനുമേൽ അടിച്ചേൽപിക്കുവാനുമാണ് ഹിന്ദു വരേണ്യവർഗം ശ്രമിച്ചത്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഹിന്ദി, ഉറുദു വിഭജനം കൂടുതൽ ആഴത്തിലുള്ളതായി. അങ്ങനെ ഹിന്ദിയും ഉറുദുവും

മതപരമായ ഭിന്നതയുടെ പ്രതീകങ്ങളായി മാറി. ബ്രിട്ടീഷുകാർ ഹിന്ദുക്കളിൽ സൃഷ്ടിക്കാൻ ശ്രമിച്ച മുസ്‌ലിം വിരോധം ഉറുദുഭാഷയോടുള്ള വിരോധമാക്കിമാറ്റാൻ സവർണഹിന്ദുക്കൾക്ക് സാധിച്ചു.

സംസ്‌കൃതത്തിന് മാത്രമെ രാഷ്ട്രഭാഷയാകാനുള്ള അർഹതയുള്ളൂ എന്ന നിലപാട് സ്വീകരിച്ച ആർ.എസ്. എസ് തലവൻ ഗോൾവാൾക്കർ ഹിന്ദിയെ ഒരു ആന്തരിക സംവിധാനം മാത്രമായാണ് കണ്ടത്. ഇന്ത്യാരാജ്യം സ്വതന്ത്രമായതിനുശേഷവും ഹിന്ദി-ഉറുദു ഭിന്നത നിലനിന്നു. ഹിന്ദിയെ രാഷ്ട്രഭാഷയായി പ്രഖ്യാപിക്കുന്നതിന് സവർണ മേൽക്കോയ്മ ചരടുവലിച്ചു. ദേവനാഗിരി ലിപിയിലും ഉറുദു ലിപിയിലും എഴുതപ്പെടുന്ന ബഹുഭൂരിഭാഗം വരുന്ന സാധാരണക്കാരുടെ ഭാഷയായ ഹിന്ദുസ്ഥാനിയെ രാഷ്ട്രഭാഷയായി സ്വീകരിക്കണമെന്ന ഗാന്ധിജിയെപ്പോലുള്ള രാഷ്ട്രനായകരുടെ നിർദേശം സവർണ ഹൈന്ദവവിഭാഗം സ്വീകരിച്ചില്ല. ഒടുവിൽ സവർണരുടെ ഇംഗിതത്തിനു വഴങ്ങി ഹിന്ദിയെ രാഷ്ട്രഭാഷയായി പ്രഖ്യാപിക്കാൻ രാഷ്ട്രനായകർ നിർബന്ധിതരാകുകയും ചെയ്തു. ഹിന്ദിയെ രാഷ്ട്രഭാഷയായി പ്രഖ്യാപിച്ചതുകൊണ്ടു മാത്രം വരേണ്യവിഭാഗം തൃപ്തരായിരുന്നില്ല. ഇന്ത്യയിൽ നിലനിൽക്കുന്ന പ്രാദേശിക ഭാഷകളെയും അവയുടെ അതിസമ്പന്നമായ പൈതൃകത്തെയും ഇല്ലായ്മ ചെയ്യാനുള്ള നീക്കങ്ങളും സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യാരാജ്യത്തുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ ഹിന്ദിയെ ഒരു നിർബന്ധ ഭാഷയായി പ്രഖ്യാപിക്കാനുള്ള നിയമനിർമാണങ്ങൾ പല ഘട്ടങ്ങളിലായി കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും ദ്രാവിഡ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും മറ്റു ഹിന്ദിയിതര സംസ്ഥാനങ്ങളുടെയും ശക്തമായ എതിർപ്പിനെത്തുടർന്ന് അവ മാറ്റിവെക്കേണ്ടി വന്നു. പിന്നീട് ഏറെക്കാലം ഈ വിഷയം ചർച്ചചെയ്യപ്പെടാതെനിന്നു. ബ്രാഹ്മണ മേൽക്കോയ്മയിലധിഷ്ഠിതമായ ബി.ജെ.പി.യുടെ രണ്ടാം മോദി സർക്കാർ അധികാരമേറ്റതോടെയാണ് വീണ്ടും ഈ വിഷയം ചർച്ചയാകുന്നത്.

2019 സെപ്തംബർ മാസം അമിത്ഷാ 'ഒരു രാജ്യം, ഒരു ഭാഷ' എന്ന മുദ്രാവാക്യം ഉയർത്തിയതോടെ ഭാഷാചർച്ച വിണ്ടും ചൂടുപിടിച്ചു. ഹിന്ദിയിതര സംസ്ഥാനങ്ങൾ അമിത്ഷായുടെ ഗൂഢപദ്ധതിക്കെതിരെ ശക്തമായി പ്രതികരിച്ചു. പ്രാദേശിക ഭാഷകളെ അപ്രസക്തമാക്കിക്കൊണ്ട്, മധ്യേന്ത്യയിലെ ഹൈന്ദവ ന്യൂനപക്ഷം വികസിപ്പിച്ചെടുത്ത ഹിന്ദിയെ 'ഒരു രാജ്യം, ഒരു ഭാഷ' എന്ന മുദ്രാവാക്യത്തിന്റെ മറവിൽ അടിച്ചേൽപിക്കാനുള്ള ശ്രമത്തിനെതിരെ വ്യാപകമായ വിമർശനങ്ങളുയർന്നു. വർഗ, വർണ, ജാതി മേധാവിത്വ താൽപര്യങ്ങളാണ് അമിത്ഷായെ ഇങ്ങനെയൊരു മുദ്രാവാക്യം ഉയർത്താൻ പ്രേരിപ്പിച്ചത്. കാലക്രമത്തിൽ സംസ്‌കൃതത്തെ ദേശീയഭാഷയുടെ പദവിയിലേക്കുയർത്താനുള്ള കുടിലതന്ത്രമായും ഈ ശ്രമത്തെ നമുക്ക് കാണാവുന്നതാണ്. എന്നാൽ ശക്തമായ എതിർപ്പിനെ തുടർന്ന് ഒടുവിൽ അമിത്ഷാ തന്റെ മുദ്രാവാക്യത്തിൽനിന്നും പുറകോട്ടു പോകാൻ നിർബന്ധിതനായി.

> **ഇംഗ്ലീഷും ഹിന്ദിയും ഒരു പ്രാദേശിക ഭാഷയും ഉൾപ്പെടുന്ന ത്രിഭാഷാ പദ്ധതി തുടരുമെന്ന് പറയുന്ന നയരേഖ സംസ്‌കൃതം ഓപ്ഷൻ അനുവദിക്കുമെന്ന് പറയുന്നു. അപ്പോൾ ഒഴിവാക്കപ്പെടുന്ന ഭാഷ ഏതെന്ന് നയരേഖ വ്യക്തമാക്കുന്നില്ല. ഒരു ഭാഷ എന്ന നിലയിൽ സംസ്‌കൃതത്തെ സ്വാഗതം ചെയ്യാമെങ്കിലും ആർ.എസ്.എസ്. പ്രത്യയശാസ്ത്രത്തിന്റെ നിലപാടുതറയിൽ നിന്നുകൊണ്ടുള്ള സംസ്‌കൃതവത്കരണം ഇന്ത്യാരാജ്യത്തെ കീഴാള പീഡനത്തിന്റെ ഭയാനകമായ ആഭൂതകാലത്തിലേക്കു തിരിച്ചു നടത്തുന്നതാകുമോ എന്ന ആശങ്കയാണ് ഓരോ ഇന്ത്യക്കാരനിലും ഉണ്ടാക്കുന്നത്.**


### സംസ്‌കൃതത്തിന് അമിത പ്രാധാന്യം

ഹിന്ദിയെ സംസ്‌കൃതഭാഷായിലേക്ക് നയിക്കുന്ന ഒരു ആന്തരികസംവിധാനം എന്ന നിലയിൽ ഗോൾവാൾക്കർ മുന്നോട്ടുവെച്ച ആർ.എസ്.എസ് പ്രത്യയശാസ്ത്രത്തിന്റെയും ഇന്ത്യാരാജ്യത്തിന്റെ ഇന്നലെകളിൽ അനൈക്യത്തിന്റെ വിത്തുകൾ പാകിയ ഭാഷാവിഭജന ചരിത്രത്തിന്റെയും പരിപ്രേക്ഷ്യത്തിൽ നിന്നു കൊണ്ടുവേണം പുതിയ വിദ്യാഭ്യാസനയത്തിന്റെ ഭാഷാപഠന സമീപനം വിലയിരുത്താൻ. ഹിന്ദിയെ മറ്റു ഭാഷകൾക്കു പകരംവെക്കാനും ക്രമേണ സംസ്‌കൃതത്തെ രാഷ്ട്രഭാഷയായി സ്ഥാപിക്കാനുമുള്ള ആസൂത്രിതപദ്ധതി നയരേഖയിൽ ഒളിഞ്ഞുനിൽക്കുന്നുണ്ട്. അതോടൊപ്പം മറ്റു ഭാഷാവിഭാഗങ്ങളിൽനിന്നും നേരത്തെയുണ്ടായതുപോലുള്ള എതിർപ്പുകൾ ഉയർന്നുവരാതിരിക്കാനുള്ള തന്ത്രപരമായ ചില പൊടിക്കൈ പ്രയോഗങ്ങളും നയരേഖ നടത്തുന്നുണ്ട്.

ഭാഷാപഠനത്തിന് മറ്റേതു മേഖലയെക്കാളും മുന്തിയ പരിഗണന നൽകുന്ന നയരേഖ സംസ്കൃത ഭാഷയുടെ പുനരുജ്ജീവനമാണ് ലക്ഷ്യംവെക്കുന്നത് എന്ന് വ്യക്തമാണ്. ഇന്ത്യയിൽ 2.88 ശതമാനത്തിനും 6.7 ശതമാനത്തിനും ഇടയിൽ ജനങ്ങൾ ഉപയോഗിക്കുന്ന മലയാളം, കന്നട, തമിഴ്, തെലുങ്ക് എന്നീ പ്രാദേശിക ഭാഷകളെ രണ്ടുതവണ പരാമർശിച്ചപ്പോൾ വളരെ വളരെ തുച്ഛം (0.002% ശതമാനം) പേർമാത്രം ഉപയോഗിക്കുന്ന സംസ്കൃത ഭാഷയെ 23 തവണയാണ് നയരേഖ പരാമർശിച്ചത്! 4.19% പേർ തങ്ങളുടെ പ്രഥമഭാഷയായി ഉപയോഗിക്കുന്ന ഉറുദുവിനെ നയരേഖ പരാമർശിച്ചതേയില്ല എന്നത് വിദ്യാഭ്യാസ നയരേഖയുടെ ന്യൂനപക്ഷങ്ങളോടുള്ള മനോഭാവമാണ് വെളിവാക്കുന്നത്. സംസ്കൃത ഭാഷയെ ആവർത്തിച്ചു പരാമർശിക്കുന്നതും അതിന്റെ മഹിമകൾ പെരുപ്പിച്ചുപറയുന്നതും സംസ്കൃത കാലഘട്ടമായ വൈദിക കാലഘട്ടത്തിലെ പൗരാണിക ബിംബങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടിയാണ്. യഥാർഥത്തിൽ ഇന്ത്യയിലെ 85 ശതമാനംവരുന്ന ജനതയും ക്രൂരമായ വർണ, ജാതി വ്യവസ്ഥയാൽ അസ്പൃശ്യരായി, എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട് മൃഗതുല്യം ജീവിച്ച കാലത്തെയാണ് വൈദികകാലഘട്ടം പ്രതിനിധാനം ചെയ്യുന്നത്. സംസ്കൃതപഠനത്തിലൂടെ നയരേഖ ലക്ഷ്യംവെക്കുന്നത് ഭയാനകമായ ആ ബ്രാഹ്മണിക കാലഘട്ടത്തിന്റെ പുനരാവർത്തനമാണ് എന്ന് സമീപകാലത്ത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അരങ്ങേറിയ ദളിത് പീഡനമുൾപ്പെടെയുള്ള സംഘ്പരിവാർ നിലപാടുകളിൽനിന്നും നമുക്ക് വ്യക്തമാകുന്നുണ്ട്.

സംസ്കൃതത്തിന് അനർഹമായ പരിഗണന നൽകുമ്പോൾ നമ്മെ ഓർമപ്പെടുത്തുന്ന കാര്യം എല്ലാ ഹൈന്ദവ സംസ്കൃത ഗ്രന്ഥങ്ങളും ചാതുർവർണ്യ വ്യവസ്ഥയെ പരിപോഷിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത് എന്നതാണ്. 'ഗുണകർമങ്ങളുടെ വിഭാഗത്തിനനുസരിച്ച് നാലു വർണങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് ദൈവം തന്നെയാണ്' എന്ന് പഠിപ്പിച്ച ഭഗവത്ഗീതയിലേക്കും 'പരമപുരുഷന്റെ ശിരസ്സിൽനിന്ന് ബ്രാഹ്മണനും കൈകളിൽനിന്ന് വൈശ്യനും പാദങ്ങളിൽ ശൂദ്രനും സൃഷ്ടിക്കപ്പെട്ടു'വെന്ന് പ്രഖ്യാപിച്ച ഋഗ്വേദത്തിലേക്കും 'അടിമകളായി ജനിക്കാൻ വിധിക്കപ്പെട്ട ചണ്ഡാളന്മാരെ പന്നികളോടും പട്ടികളോടുമൊപ്പം' പരിഗണിച്ച ഛന്ദോഗ്യോപനിഷത്തിലേക്കും 'കീഴാളരോടുള്ള പെരുമാറ്റം മൃഗങ്ങളോടുള്ളതിനെക്കാൾ നീചമായിരിക്കണ'മെന്ന് ഉദ്ഘോഷിക്കുന്ന മനുസ്മൃതിയിലേക്കും 'ശൂദ്രൻ വേദപാരായണം കേട്ടാൽ അവന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണം' എന്നു പ്രഖ്യാപിച്ച ഗൗതമേയ ധർമസൂത്രത്തിലേക്കുമുള്ള തിരിച്ചു പോക്കിലേക്ക് നയിക്കാൻ മാത്രമെ സംസ്കൃത പഠനം സഹായകമാകൂ എന്ന തിരിച്ചറിവ് ഇന്ത്യാരാജ്യത്തെ എല്ലാ ജനവിഭാഗങ്ങൾക്കുമുണ്ടാകേണ്ടതുണ്ട്.

ബ്രാഹ്മണ വംശമേധാവിത്വത്തിന്റെ കിരാതമായ സാമൂഹ്യ സാഹചര്യങ്ങളിൽ പീഡിതരായ ദശലക്ഷക്കണക്കിന് കീഴാളജനങ്ങളുടെ ദീനരോദനങ്ങൾ മാത്രം കേൾക്കാൻ വിധിക്കപ്പെട്ട കാലത്തിന്റെ ആവർത്തനമല്ലാതെ സംഘ്പരിവാർ അജണ്ടയിലെ സംസ്കൃത പഠനം മനുഷ്യകുലത്തിന് മറ്റൊരു സംഭാവനയും നൽകാൻ പോകുന്നില്ല. സംസ്കൃതത്തെ മഹത്ത്വവൽകരിക്കുന്നതിന് ഉറുദുഭാഷയെ അവഗണിക്കുക മാത്രമല്ല നയരേഖ ചെയ്യുന്നത്, ലോകത്തിന് മഹത്തായ സംഭാവനകൾ നൽകിയ ലാറ്റിൻ, ഗ്രീക്ക് ഭാഷകളെ പുച്ഛിച്ചുതള്ളുവാനും നയരേഖ ശ്രമിക്കുന്നുണ്ട്. ഇംഗ്ലീഷ് ഭാഷയെ മഹത്ത്വവൽകരിക്കുന്നതിന് ബ്രിട്ടീഷ് ഭരണകാലത്ത് ജോൺ മെക്കാളെ തന്റെ മിനുട്ട്സിൽ നടത്തിയ അപമാനകരമായ പരാമർശത്തിനു[1] സമാനമായ നിരീക്ഷണമാണ് സംസ്കൃതവുമായി ബന്ധപ്പെട്ട് നയരേഖനടത്തിയിരിക്കുന്നത്. ഇന്ത്യയുടെയും അറേബ്യയുടെയും മൊത്തം സാഹിത്യമെടുത്താൽ അതിനെക്കാൾ വിലമതിക്കുക ഒരു നല്ല യൂറോപ്യൻ ലൈബ്രറിയിലെ ഒരൊറ്റ അലമാരയായിരിക്കും എന്ന് എഴുതിപ്പിടിപ്പിച്ച് ഇന്ത്യൻ സാഹിത്യത്തെയും അറേബ്യൻ സാഹിത്യത്തെയും മെക്കാളെ അപഹസിച്ചതുപോലെ ലാറ്റിൻ, ഗ്രീക്ക് ഭാഷകളുടെ മഹത്തായ പാരമ്പര്യത്തെയും അവ നൽകിയ മികച്ച സംഭാവനകളെയും ഇകഴ്ത്തുവാനും ആ ഭാഷകൾ കൂട്ടായി നൽകിയതിനെക്കാൾ മെച്ചപ്പെട്ട സംഭാവനകളാണ് സംസ്കൃതം നൽകിയിട്ടുള്ളത് എന്നു സമർഥിക്കുവാനും നയരേഖ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം വസ്തുതകൾക്ക് വിരുദ്ധമായി, സംസ്കൃത ഭാഷയെ ജാതി, മത ഭേദമന്യെ ജനങ്ങൾ ഉപയോഗിക്കുന്ന ആധുനിക ഭാഷയായും നയരേഖ ഉയർത്തിക്കാട്ടുന്നുണ്ട്.[2] സംസ്കൃതത്തെ സാഹിത്യപാരമ്പര്യമുള്ള ഭാഷയായും ശാസ്ത്രീയമായി ഉച്ചരിക്കപ്പെടുന്ന ഭാഷയായും ആധുനികയുഗത്തിന് ഏറെ പ്രാധാന്യമുള്ള വിജ്ഞാനപദ്ധതി സമ്മാനിക്കുന്ന ഭാഷയായും അവതരിപ്പിച്ച് ആ ഭാഷയെ മഹത്ത്വപ്പെടുത്താനുള്ള ശ്രമവും ഏറെ സംശയങ്ങൾക്ക് വഴിയൊരുക്കുന്നു.[3]



ഇംഗ്ലീഷും ഹിന്ദിയും ഒരു പ്രാദേശിക ഭാഷയും ഉൾപ്പെടുന്ന ത്രിഭാഷാ പദ്ധതി തുടരുമെന്ന് പറയുന്ന നയരേഖ സംസ്കൃതം ഓപ്ഷൻ അനുവദിക്കുമെന്ന് പറയുന്നു. അപ്പോൾ ഒഴിവാക്കപ്പെടുന്ന ഭാഷ ഏതെന്ന് നയരേഖ വ്യക്തമാക്കുന്നില്ല. ഒരു ഭാഷ എന്ന നിലയിൽ സംസ്കൃതത്തെ സ്വാഗതം ചെയ്യാമെങ്കിലും ആർ.എസ്.എസ്. പ്രത്യയശാസ്ത്രത്തിന്റെ നിലപാടുതറയിൽ നിന്നുകൊണ്ടുള്ള സംസ്കൃതവത്കരണം ഇന്ത്യാരാജ്യത്തെ കീഴാള പീഡനത്തിന്റെ ഭയാനകമായ ആ ഭൂതകാലത്തിലേക്കു തിരിച്ചു നടത്തുന്നതാകുമോ എന്ന ആശങ്കയാണ് ഓരോ ഇന്ത്യക്കാരനിലും ഉണ്ടാക്കുന്നത്. ഇങ്ങനെ, നയരേഖ ഒരുതവണ വായിച്ചാൽ തന്നെ സംസ്കൃതവത്ക്കരണ ശ്രമങ്ങളുടെ എല്ലാ സൂചനകളും ലഭ്യമാകും. സംസ്കൃതത്തിനു നൽകുന്ന ഈ അമിത പ്രാധാന്യം വിവാദമാകാതിരിക്കാനും മലയാളം, തമിഴ്, കന്നട, തെലുങ്ക്, ഒഡിയ എന്നീ ഭാഷാവിഭാഗങ്ങളിൽനിന്നും ഉണ്ടായേക്കാവുന്ന എതിർപ്പുകൾ രൂപപ്പെടാതിരിക്കാനും നയരേഖ പയറ്റുന്ന അടവുകൾ ശ്രദ്ധേയമാണ്. ഈ ഭാഷകളെ പാലി, പേർഷ്യൻ, പ്രാകൃത് തുടങ്ങിയ ഭാഷകളോടൊപ്പം ക്ലാസിക്കൽ ഭാഷകളുടെ പട്ടികയിൽ പെടുത്തി അവയെ പരിപോഷിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാണിക്കുകയാണ് നയരേഖ ഇതിനായി ചെയ്യുന്നത്.[4] പാലി, പേർഷ്യൻ, പ്രാകൃത് തുടങ്ങിയ ഭാഷകളോടൊപ്പം ഈ ഭാഷകളും അതിലെ കൃതികളും ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും പഠിപ്പിക്കാനുള്ള അവസരം നൽകുമെന്ന് നയരേഖ പ്രഖ്യാപിക്കുകയും ചെയ്യുന്നു.[5] മുൻകാലങ്ങളിൽ ഉണ്ടായതുപോലെ ദ്രാവിഡഭാഷാപ്രദേശങ്ങളിൽനിന്നും മറ്റു ഹിന്ദിയിതര സംസ്ഥാനങ്ങളിൽനിന്നും ഉണ്ടായേക്കാവുന്ന എതിർപ്പുകൾ ഉയർന്നുവരാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിലാണ് നയരേഖ ഇത്തരമൊരു സമീപനം സ്വീകരിച്ചിരിക്കുന്നത്.

**(അവസാനിച്ചില്ല)**

**Ref:**

1. a single shelf of a good European library was worth the wholenative literature of India and Arabia (Mecaulay's minutes).

2. The importance, relevance, and beatuy of the classical languagesand literature of India also cannot be overlooked. Sanskrit, whilealso an important modern language mentioned in the Eighth Schedule ofthe Constitution of India, possesses a classical literature that isgreater in volume than that of Latin and Greek put together,containing vastt reasures of mathematics, philosophy, grammar, music,politics, medicine, architecture, metallurgy, drama, potery,storytelling, and more (known as 'Sanskrit Knowledge Systems'),written by people of various religions as well as nonreligiouspeople, and by people from all walks of life and a wide range ofsocioeconomic backgrounds over thousands of years. (NEP: Page 14).

3. It will be taught in ways that are interesting and experiential aswell as contemporarily relevant, including through the use of SanskritKnowledge Systems, and in particular through phonetics andpronunciation. (NEP: Page 14).

4. In addition to Sanskrit, other classical languages and literaturesof India, including Tamil, Telugu, Kannada,Malayalam, Odia, Pali,Persian, and Prakrit, will also be widely available in schools asoptions for students, possibly as online modules, through experientialand innovative approaches, to ensure that these languages andliterature stay alive and vibrant. (NEP: Page 15).

5. For the enrichment of the children, and for the preservation ofthese rich languages and their artistict reasures, all students in allschools, public or private, will have the option of learning at leasttwo years of a classical language of India and its associatedliterature, through experiential and inovative approaches. (NEP: Page15).




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- **ആഗസ്ത് 1 മുതൽ ഡിസംബർ 5 വരെ പുറത്തിറങ്ങുന്ന ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.**
- **പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ പങ്കെടുപ്പിച്ച് കൊണ്ട് ഡിസംബർ 27ന് മുമ്പായി മെഗാ ഓൺലൈൻ ക്വിസ് മത്സരം നടത്തും.**
- **മെഗാ ക്വിസ് മത്സര വിജയികളെ മാത്രം വെച്ച് ഡിസംബർ 27ന് ഓൺലൈൻ ലൈവ് ഫൈനൽ ക്വിസ് മത്സരം നടത്തി ആദ്യ സ്ഥാനക്കാരെ കണ്ടെത്തും.**
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 200

**ഒന്നാം സമ്മാനം:**
Muhammed Bin Abdul Razak VP, Chokli, Kannur

**രണ്ടാം സമ്മാനം:**
Ayisha Ismail, Ariyil, Taliparamba

**മൂന്നാം സമ്മാനം:**
Ashraf CH, Muscat, Oman



ഡോ. ജൗസൽ
jauzalcp@gmail.com

ലേഖനം

ഭ്രൂണശാസ്ത്രം ക്വുർആനിലും ഹദീഥിലും 3

# ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം: പ്രമാണങ്ങളിലെ കൃത്യത

ഭ്രൂണശാസ്ത്രവും ജനിതകശാസ്ത്രവുമായി ബന്ധപ്പെട്ടു വളരെ ആധുനികകാലത്ത് മാത്രം കണ്ടുപിടിക്കപ്പെട്ട പല ശാസ്ത്രീയ അറിവുകളും ഹദീഥുകളിൽ വിശദീകരിക്കപ്പെട്ടത് കാണാം.

നബിﷺ മദീനയിൽ വന്നപ്പോൾ മദീനയിലെ ജൂതൻമാരുടെ വലിയ നേതാവും പണ്ഡിതനുമായിരുന്ന അബ്ദുല്ലാഹിബ്നു സലാം നബിയുടെ അടുത്തുവരികയും അവിടുന്ന് ഒരു യഥാർഥ പ്രവാചകനാണോ എന്ന് പരിശോധിക്കുവാൻ വേണ്ടി ഏതാനും ചോദ്യങ്ങൾ ചോദിക്കുകയുമുണ്ടായി.

അദ്ദേഹം പ്രവാചകനോട് പറഞ്ഞു: “ഞാൻ താങ്കളോട് മൂന്ന് ചോദ്യങ്ങൾ ചോദിക്കും. ഒരു യഥാർഥ പ്രവാചകനല്ലാതെ അതിന് ഉത്തരം അറിയുക സാധ്യമല്ല.”

എന്തുകൊണ്ടാണ് ചില കുട്ടികൾക്ക് കുട്ടിയുടെ പിതാവിനോട് സാദൃശ്യമുണ്ടാകുന്നതും ചില കുട്ടികൾക്ക് മാതാവിനോട് സാദൃശ്യമുണ്ടാകുന്നതും എന്നതായിരുന്നു ഒരു ചോദ്യം.

അബ്ദുല്ലാഹിബ്നു സലാമിന്റെ ഈ ചോദ്യത്തിന് പ്രവാചകൻﷺ കൊടുത്ത മറുപടി നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. അവിടുന്ന് പറഞ്ഞു: “ജിബ്രീൽ (എന്ന മലക്ക്) എനിക്ക് ഇപ്പോൾ ഇതിന് ഉത്തരം അറിയിച്ചുതന്നിരിക്കുന്നു.”

എന്നിട്ട് പ്രവാചകൻ പറഞ്ഞു: “പുരുഷന്റെ ബീജം സ്ത്രീയുടെ ബീജത്തിനെ (അണ്ഡത്തെ) മുൻകടന്നാൽ ആ കുട്ടിക്ക് പിതാവിന്റെ സ്വഭാവ ഗുണവിശേഷങ്ങളായിരിക്കും കൂടുതലായി ഉണ്ടാവുക. എന്നാൽ സ്ത്രീയുടെ ബീജമാണ് പുരുഷബീജത്തെ മുൻകടക്കുന്നത് എങ്കിൽ മാതാവിന്റെ സ്വഭാവ ഗുണവിശേഷങ്ങളാണ് കുട്ടിയിൽ കൂടുതലായി കാണപ്പെടുക.”

ആധുനിക ജനിതക ശാസ്ത്രത്തോട് പൂർണമായും യോജിക്കുന്ന ഒരു പ്രസ്താവനയാണിത്. dominant ജീനുകൾ അഥവാ സ്ട്രോങ്ങ് ആയിട്ടുള്ള ജീനുകളാണ് കുട്ടിയിൽ പ്രകടമായി ഉണ്ടാവുക.

മാതാവിന്റെ ജീനുകളാണ് കൂടുതൽ dominant ആയിട്ടുള്ളത് എങ്കിൽ മാതാവിന്റെ സ്വഭാവവിശേഷങ്ങളും പിതാവിന്റെ ജീനുകളാണ് കൂടുതൽ ഡോമിനൻറ് ആയിട്ടുള്ളത് എങ്കിൽ പിതാവിനെ സ്വഭാവഗുണങ്ങളുമാണ് കുട്ടിക്ക് ലഭിക്കുക. 23 ജോഡി ക്രോമസോമുകളാണ് ഓരോ മനുഷ്യകോശത്തിലും ഉള്ളത്. ഇതിൽ 23 എണ്ണം മാതാവിൽനിന്ന് ലഭിക്കുന്നതും 23 എണ്ണം പിതാവിൽനിന്ന് ലഭിക്കുന്നതായിരിക്കും. ഈ ക്രോമസോമുകളിലുള്ള ജീനുകൾ രണ്ടുതരത്തിലാണുള്ളത്; ഡോമിനന്റ് ജീനുകളും റിസസീവ് ജീനുകളും. ഡോമിനന്റ് ജീനുകളുടെ ഗുണവിശേഷങ്ങളാണ് ഒരു കോശം പ്രകടിപ്പിക്കുക.


പിതാവിന്റെ ബീജത്തിലെ ജീനുകൾ മാതാവിന്റെ അണ്ഡത്തിലെ ജീനുകളെ മറികടക്കുന്നവെങ്കിൽ, അഥവാ പിതാവിൽനിന്നുള്ള ജീനുകൾ ഡോമിനന്റ് ജീനുകൾ ആണെങ്കിൽ പിതാവിന്റെ സ്വഭാവവിശേഷങ്ങളും നേരെ തിരിച്ചാണെങ്കിൽ മാതാവിന്റെ സ്വഭാവവിശേഷങ്ങളും കുട്ടിക്ക് ലഭിക്കുന്നു.

ഉദാഹരണത്തിനായി, പിതാവിന്റെ കണ്ണിന്റെ നിറം കറുപ്പും മാതാവിന്റെ കണ്ണിന്റെ നിറം നീലയും ആണെന്ന് കരുതുക. ഇതിൽ കറുപ്പു നിറത്തിന്റെ ജീൻ dominant geneഉം നീലനിറത്തിന്റെ ജീൻ recessive geneഉം ആണ് എങ്കിൽ കുഞ്ഞിന്റെ കണ്ണിന്റെ നിറം കറുപ്പ് ആയിരിക്കും. കുഞ്ഞിന്റെ ശരീരത്തിലെ ഡിഎൻഎയിലെ ക്രോമസോമുകളിൽ കണ്ണിന് കറുപ്പുനിറം നൽകുന്ന ജീനും നീലനിറം നൽകുന്ന ജീനും ഉണ്ടായിരിക്കും. എന്നാൽ കണ്ണിന്റെ കറുപ്പുനിറത്തിന് കാരണമായ dominant gene നീല നിറത്തിന് കാരണമാകുന്ന recessive gene നെ അതിജയിക്കുകയും dominant geneന്റെ ഗുണമായ കറുപ്പുനിറം മാത്രം കുഞ്ഞിൽ പ്രകടമാവുകയും ചെയ്യും.

പ്രവാചകൻﷺ അരുൾ ചെയ്തു: “പുരുഷന്റെ ദ്രാവകം കട്ടിയുള്ളതും വെളുത്തതുമാണ്. സ്ത്രീയുടെ ദ്രാവകം കട്ടിയില്ലാത്തതും മഞ്ഞയുമാണ്. ഇതിൽ ഏത് അതിജയിക്കുന്നുവോ ജനിക്കുന്ന സന്താനം അവരോട് സാദൃശ്യമുള്ളത് ആയിരിക്കും” (നസാഈ).

പുരുഷബീജത്തെക്കുറിച്ചോ സ്ത്രീയുടെ അണ്ഡത്തെക്കുറിച്ചോ ബീജസങ്കലനത്തെക്കുറിച്ചോ ജനിതക ശാസ്ത്രത്തെക്കുറിച്ചോ ജീനുകളെക്കുറിച്ചോ ഒന്നും യാതൊരുവിധ ധാരണയുമില്ലാത്ത ഏഴാം നൂറ്റാണ്ടിലെ ഒരു നിരക്ഷരനായ മനുഷ്യന്റെ നാവിൽനിന്നാണ് ഈ വാക്കുകൾ എന്ന് മനസ്സിലാക്കുമ്പോഴാണ് ഈ ഒരു അറിവ് കൃത്യമായ ദൈവികവെളിപാടിന്റെ പിൻബലമില്ലാതെ ഒരിക്കലും സാധ്യമല്ല എന്ന സത്യം നമുക്ക് ബോധ്യപ്പെടുക. പ്രവാചകൻﷺ ഒരിക്കലും സ്വന്തം ഇച്ഛക്ക് അനുസരിച്ച് സംസാരിക്കുകയില്ലല്ലോ.

“അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല; അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു” (ക്വുർആൻ 53: 34).



### കുഞ്ഞിന്റെ ലിംഗനിർണയം

കുഞ്ഞിന്റെ ജനറ്റിക് സെക്സ് ബീജസങ്കലന സമയത്തുതന്നെ നിർണയിക്കപ്പെടുന്നതിനെക്കുറിച്ച് കൃത്യമായി വിശുദ്ധ ക്വുർആനിലും കുഞ്ഞിന്റെ ഫിനോടൈപ്പ് സെക്സ് differentiation ആറാമത്തെ ആഴ്ചയിൽ നടക്കുന്നത് കൃത്യമായി ഹദീഥിലും പ്രതിപാദിച്ചിരിക്കുന്നു.

വിശുദ്ധ ക്വുർആൻ പരിശോധിച്ചാൽ വിവിധ വചനങ്ങളിലായി ഒരു മനുഷ്യഭ്രൂണം വളർന്നുവരുന്ന വ്യത്യസ്ത സ്റ്റേജുകൾ വിശദീകരിക്കുന്നതായി കാണാം. പുരുഷ ബീജവും സ്ത്രീയുടെ അണ്ഡവും സ്ത്രീയുടെ ഗർഭാശയനാളിയിൽവച്ച് കൂടിച്ചേരുന്നതാണ് ഒന്നാംഘട്ടം. 'നുത്ഫതുൻ അംശാജ്' അഥവാ കൂടിച്ചേർന്ന നുത്ഫ എന്നാണ് ഇതിനെപ്പറ്റി ക്വുർആനിൽ പ്രതിപാദിച്ചിട്ടുള്ളത്.

"കൂടിച്ചേർന്ന നുത്ഫയിൽനിന്നും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു" (ക്വുർആൻ 76:2).

ഒരു ഏകകോശമാണിത്. പുരുഷബീജം എന്ന അർധകോശവും (haploid cell) സ്ത്രീയുടെ അണ്ഡം എന്ന അർധകോശവും ഒന്നുചേർന്ന് fertilized egg അഥവാ സിക്താണ്ഡം എന്ന ഒരു ഏകകോശമാവുന്നു. ഈ ഏകകോശ അവസ്ഥയിൽതന്നെ അത് സ്ത്രീയാണോ പുരുഷനാണോ എന്ന് തീരുമാനിക്കപ്പെട്ടിരിക്കുന്നു. X ക്രോമസോമുള്ള പുരുഷബീജമാണ് സ്ത്രീയുടെ അണ്ഡവുമായി കൂടിച്ചേരുന്നത് എങ്കിൽ അത് സ്ത്രീയായി മാറുന്നു. Y ക്രോമസോമുള്ള പുരുഷ ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി കൂടിച്ചേരുന്നതെങ്കിൽ അത് പുരുഷനായും മാറുന്നു.

വളരെ അടുത്തകാലത്താണ് ക്രോമസോമുകളെ പറ്റിയും ജീനുകളെ പറ്റിയുമൊക്കെ നാം മനസ്സിലാക്കിയത്. ഹ്യൂമൻ ക്രോമസോമുകൾ ആദ്യമായി കണ്ടുപിടിച്ചതുതന്നെ 1955ലാണ്. ആധുനികമായ മൈക്രോസ്കോപ്പുകളുടെയും മറ്റും സഹായത്തോടെ മാത്രമെ ഇത്തരം കാര്യങ്ങൾ കണ്ടുപിടിക്കാനാവൂ എന്ന് നമുക്കറിയാം. എന്നാൽ ആയിരത്തിനാനൂറ് വർഷങ്ങൾക്കുമുമ്പ് നിരക്ഷരനായ പ്രവാചകനിലൂടെ അവതരിക്കപ്പെട്ട വിശുദ്ധ ക്വുർആൻ വചനങ്ങളിൽ ഇങ്ങനെ കാണാം:

"ഒരു ബീജം (ഗർഭാശയത്തിലേക്ക്) സ്രവിക്കപ്പെടുമ്പോൾ അതിൽനിന്ന് ആൺ, പെൺ എന്നീ രണ്ട് ഇണകളെ അവനാണ് സൃഷ്ടിച്ചത്" (53:45-46).

ഈ വചനങ്ങളിൽനിന്ന് കുട്ടിയുടെ ലിംഗനിർണയം അഥവാ കുട്ടി ആണാണോ പെണ്ണാണോ എന്നുള്ളത് നുത്ഫയുടെ സ്റ്റേജിൽ തന്നെ, അഥവാ പുരുഷ ബീജവും സ്ത്രീബീജവും ഗർഭാശയത്തിൽ കൂടിചേരുമ്പോൾ തന്നെ തീരുമാനിക്കപ്പെടുന്നു എന്ന് നമുക്ക് കൃത്യമായ സൂചന ലഭിക്കുന്നു.

സ്വഹീഹ് മുസ്‌ലിമിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ക്വദ്റുമായി (വിധി വിശ്വാസവുമായി) ബന്ധപ്പെട്ട ഹദീഥുകളിൽ നമുക്ക് ഇങ്ങനെ കാണാം:

"ബീജസങ്കലനം നടന്നതിനുശേഷം 42 ദിവസം കഴിഞ്ഞാൽ അല്ലാഹു ആ ഗർഭപാത്രത്തിന് അടുത്തേക്ക് ഒരു മലക്കിനെ അയക്കുന്നു. അങ്ങനെ മലക്ക് ആ ഭ്രൂണത്തിന് രൂപം നൽകുന്നു, കേൾവിയും കാഴ്ചയും തൊലികളും മാംസങ്ങളും എല്ലുകളും സൃഷ്ടിക്കുന്നു. എന്നിട്ട് മലക്ക് ചോദിക്കുന്നു: 'രക്ഷിതാവേ, ഇത് ആണോ പെണ്ണോ?' അപ്പോൾ ആ കുട്ടി ആണാണോ പെണ്ണാണോ എന്നുള്ള അല്ലാഹുവിന്റെ തീരുമാനം മലക്ക് രേഖപ്പെടുത്തുകയും ചെയ്യുന്നു."

അപ്പോൾ സ്വാഭാവികമായും നമുക്ക് ഉണ്ടാകാവുന്ന ഒരു സംശയമാണ് ബീജസങ്കലനം നടക്കുമ്പോൾ തന്നെ അഥവാ പുരുഷബീജവും സ്ത്രീ ബീജം അഥവാ അണ്ഡവും കൂടിച്ചേരുമ്പോൾ തന്നെ കുട്ടിയുടെ ലിംഗം നിർണയിക്കപ്പെട്ടു കഴിഞ്ഞതല്ലേ, XX ക്രോമസോം ആണെങ്കിൽ കുട്ടി പെണ്ണായും XY ക്രോമസോം ആണെങ്കിൽ കുട്ടി ആണായും മാറുമല്ലോ. അപ്പോൾ പിന്നെ ഈ നാൽപത്തിരണ്ടാമത്തെ ദിവസം അല്ലാഹുവിന്റെ നിർദേശപ്രകാരം കുട്ടി പുരുഷനാണോ സ്ത്രീയാണോ എന്ന കാര്യം മലക്ക് രേഖപ്പെടുത്തുമെന്ന് പറയുന്നത് അബദ്ധമല്ലേ എന്ന്.

ആഴത്തിൽ പഠിക്കുമ്പോഴാണ് ക്വുർആനിന്റെയും നബിവചനങ്ങളുടെയും കൃത്യത നമുക്ക് ബോധ്യപ്പെടുക. ഇനി ഞാൻ പറയുന്നത് ശാസ്ത്രവിഷയത്തിൽ നല്ല അവഗാഹമുള്ള ആളുകൾ മാത്രം കേട്ടിരിക്കാൻ സാധ്യതയുള്ള ഒരു കാര്യമാണ്. ഒരുപക്ഷേ, ഭൂരിപക്ഷമാളുകളും ചിലപ്പോൾ ആദ്യമായിട്ടായിരിക്കാം ഇങ്ങനെ ഒരു കാര്യം കേൾക്കാൻ പോകുന്നത്. ലിംഗനിർണയം എന്നുള്ളത് രണ്ടുതരത്തിലുണ്ട്, ജനറ്റിക് സെക്സ് അല്ലെങ്കിൽ gentoypic സെക്സ് അല്ലെങ്കിൽ ക്രോമസോം സെക്സ് എന്നൊക്കെ പറയുന്ന ലിംഗ നിർണയവും; ഫീനോടിപ്പിക് സെക്സ് എന്ന മറ്റൊരു ലിംഗനിർണയവും ഉണ്ട്.

ജനിതകപരമായ ലിംഗനിർണയം അഥവാ ഡിഎൻഎയിലെ ക്രോമസോമുകളുടെ അടിസ്ഥാനത്തി

ലുള്ള ലിംഗനിർണയം നേരത്തെ പറഞ്ഞപോലെ X,Y ജീനുകൾ അടിസ്ഥാനമാക്കിയുള്ളതാണ്. ജീനോടിപ്പിക് സെക്സ് എന്നതിനെ ജനിതകപരമായ ലിംഗം എന്ന് നമുക്ക് മലയാളീകരിക്കാം. എന്നാൽ ഫീനോടിപ്പിക് സെക്സ് ആണ് ബാഹ്യരൂപപരമായ ലിംഗനിർണയം അഥവാ ശാരീരിക അവയവങ്ങളുടെ അടിസ്ഥാനത്തിൽ ആണാണോ പെണ്ണാണോ എന്ന് തീരുമാനിക്കുക. നമ്മൾ ഒരാളെ കാണുമ്പോൾ അയാൾ ആണാണോ പെണ്ണാണോ എന്ന് മനസ്സിലാക്കുന്നത് അയാളുടെ physical appearance നോക്കിയാണ്, അല്ലാതെ DNA test നടത്തിയ റിപ്പോർട്ട് നോക്കിയല്ലല്ലോ! ഈ രീതിയിലുള്ള ലിംഗനിർണയമാണ് ഫീനോടിപ്പിക് സെക്സ്.


നേരത്തെ നമ്മൾ പറഞ്ഞ 46 ക്രോമസോമുകൾ ഉള്ളതിൽ 2 സെക്സ് ക്രോമസോമുകൾ XY ക്രോമസോമുകൾ ആണെങ്കിൽ കുട്ടി പുരുഷനും XX ക്രോമസോമുകൾ ആണെങ്കിൽ കുട്ടി സ്ത്രീയും ആവും എന്നുള്ള കാര്യം 100% കൃത്യമായ ഒരു പ്രസ്താവനയല്ല. അപൂർവമായി XX ക്രോമസോമുള്ള വ്യക്തി സ്ത്രീ ആവാതെ പുരുഷൻ ആയേക്കാം. അതുപോലെ XY ക്രോമോസോം ഉള്ള വ്യക്തി പുരുഷൻ ആവാതെ ബാഹ്യരൂപത്തിൽ സ്ത്രീയായും മാറാം. അഥവാ ജനിതകപരമായി XY ക്രോമോസോം ആയിരിക്കും. പക്ഷേ, ശരീരവും ലൈംഗികാവയവങ്ങളും എല്ലാം സ്ത്രീയുടേത് ആയിരിക്കും. ബാഹ്യരൂപത്തിൽ പൂർണമായും സ്ത്രീയായിരിക്കും; എന്നാൽ ഡിഎൻഎ പരിശോധിച്ചാൽ പുരുഷന്റെ ഡിഎൻഎ (XY) ആയിരിക്കും.



ഒരു ഭ്രൂണം; അതിന് 6 ആഴ്ച അഥവാ 42 ദിവസം പ്രായമുള്ള അവസ്ഥ വരെ ആ ഭ്രൂണത്തിന്റെ ലൈംഗിക അവയവങ്ങൾ ആണായി മാറാനും പെണ്ണായി മാറാനും ഒരുപോലെ ശേഷിയുള്ളതാണ്. Primordial bipotential gonads എന്നാണ് ഇത് അറിയപ്പെടുന്നത്. അഥവാ ആറാഴ്ചവരെ കുട്ടിയുടെ ലൈംഗിക അവയവങ്ങൾ നിർണയിക്കപ്പെടുന്നില്ല. ആറാമത്തെ ആഴ്ചയിൽ മാത്രമാണ് differentiation of primordial bipotential gonads സംഭവിക്കുന്നതും കുഞ്ഞ് ആണോ പെണ്ണോ ആയി മാറുന്നതും. ഹദീഥിൽ പ്രസ്താവിച്ച നാൽപത്തി രണ്ടാമത്തെ ദിവസം നടക്കുന്ന, ഭ്രൂണത്തിന് ലിംഗം നിർണയിക്കപ്പെടുന്ന കാര്യം വളരെ കൃത്യമായ ശാസ്ത്രമാണ് എന്നത് അത്ഭുതകരമായ വസ്തുതയാണ്.

ആറാഴ്ച പ്രായമുള്ള ഭ്രൂണത്തിന്റെ ചില ജീനുകൾ ആ സമയത്ത് ആക്ടീവ് ആക്കപ്പെടുകയും ചില പ്രത്യേകതരം പ്രോട്ടീനുകൾ ഉൽപാദിപ്പിക്കുകയും ചെയ്യുമ്പോൾ ഒരു ആണിന്റെയോ പെണ്ണിന്റെയോ ലൈംഗികാവയവങ്ങൾ ആ ഭ്രൂണത്തിൽ ഉണ്ടാവാൻ ആരംഭിക്കുന്നു. പലതരം ജീനുകളും ഇതുമായി ബന്ധപ്പെട്ട് ഉണ്ട്. അതിൽ ഏറ്റവും പ്രാധാന്യമുള്ള, ശാസ്ത്രലോകം കണ്ടെത്തിയ ഒരു ജീനാണ് SRY gene. TDF (testes determining factor) or sex determining region Y protein എന്ന ചില തരം പ്രോട്ടീനുകൾ അഥവാ ഹോർമോണുകൾ ഈ SRY gene ഉല്പാദിപ്പിക്കുന്നു. SRY gene ആക്ടീവ് ആവുകയും TDF പ്രോട്ടീൻ (testes determining factor) ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്നത് ആറാമത്തെ ആഴ്ചയിലാണ്. ഈയൊരു ജീൻ ആക്ടിവേഷൻ നടന്ന് ടിഡിഎഫ് പ്രോട്ടീൻ ഉൽപാദിപ്പിക്കപ്പെടുകയും ചെയ്താൽ മാത്രമെ ഭ്രൂണം ഒരു ആൺകുഞ്ഞ് ആയി മാറുകയുള്ളൂ. ഈ ഒരു ജീൻ ആക്ടിവേഷൻ നടക്കുന്നില്ല എന്നുണ്ടെങ്കിൽ ആ ഭ്രൂണം ഒരു പെൺകുഞ്ഞ് ആയിമാറും.

ഹദീഥിൽ പരാമർശിക്കപ്പെട്ട വിഷയം എസ്.ആർ.വൈ ജീൻ ആക്ടിവേഷൻ ആണ് എന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. ആറാമത്തെ ആഴ്ച വരെ കുഞ്ഞിന്റെ ലൈംഗികാവയവങ്ങൾ ആണായോ



പെണ്ണായോ നിർണയിക്കപ്പെടുന്നില്ല എന്നും ഭ്രൂണത്തിന്റെ bipotential പ്രാഥമിക ലിംഗ കോശങ്ങളുടെ differentiation നടന്ന് ഭ്രൂണം ആണോ പെണ്ണോ ആകുന്നത് ആറാമത്തെ ആഴ്ചയിലാണ് എന്നുമുള്ള കാര്യമാണ് ഹദീഥിലെ പ്രതിപാദ്യം.

ഈ പറഞ്ഞതൊക്കെ കൃത്യമായ ശാസ്ത്ര സത്യങ്ങളാണ്; ആധുനികകാലത്ത് മാത്രം കണ്ടുപിടിക്കപ്പെട്ട കാര്യങ്ങൾ. ഈ കാര്യങ്ങളൊക്കെ കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഗൂഗിളിൽ bipotential gonads എന്നോ testis determining factor എന്നോ SRY gene എന്നോ സെർച്ച് ചെയ്തു നോക്കിയാൽ കാണാവുന്നതാണ്. മെഡിക്കൽ ബുക്കുകൾ എടുത്ത് തെളിവുകൾ ഉദ്ധരിച്ചാൽ സാധാരണക്കാർക്ക് അത് പരിശോധിക്കാൻ പ്രയാസമായിരിക്കും. ഈ ലേഖനത്തിൽ പറഞ്ഞ ശാസ്ത്രീയ പരാമർശങ്ങൾ ഭൂരിഭാഗവും ഗൂഗിളിലോ വിക്കിപീഡിയയിലോ സെർച്ച് ചെയ്താൽ ഏതൊരാൾക്കും പരിശോധിക്കാവുന്നതും ബോധ്യപ്പെടാവുന്നതും ആയ കാര്യങ്ങളാണ്.

Testis determining factor എന്ന വിക്കിപീഡിയ പേജിൽ കൊടുത്ത ചില പരാമർശങ്ങൾ ഇവിടെ കൊടുക്കുന്നു:

During gestation, the cells of the primordial gonad that lie along the urogenital ridge are in a bipotential state, meaning they possess the abiltiy to become either male cells (Sertoli and Leydig cells) or female cells (follicle cells and Theca cells). TDF initiates testis differentiation by activating malespecifict ranscription factors that allow these bipotential cells to differentiate and proliferate.

'ഭ്രൂണാവസ്ഥയിൽ urogenital റിഡ്ജിന് സമീപത്തുള്ള പ്രാഥമിക ലിംഗകോശങ്ങൾ bipotential stateൽ ആണുള്ളത്. അഥവാ അത് പുരുഷ ലൈംഗികാവയവം ആയി മാറാനും സ്ത്രീ ലൈംഗികാവയവമായി മാറാനും ഒരുപോലെ കഴിവുള്ളതാണ്. TDF അഥവാ testes determining factor; male specific transcription factors ആക്ടിവേറ്റ് ആക്കിക്കൊണ്ട്, രണ്ട് രൂപത്തിലും ആവാൻ കഴിയുന്ന അഥവാ സ്ത്രീ ലൈംഗികാവയവവും പുരുഷ ലൈംഗികാവയവും ആയി മാറാൻ കഴിവുള്ള പ്രാഥമിക ലിംഗ കോശങ്ങളെ പുരുഷ ലൈംഗികാവയവം ആക്കിമാറ്റുന്നു.'

ഇങ്ങനെ രണ്ട് തരത്തിലുള്ള ലിംഗനിർണയങ്ങളെ പറ്റി വളരെ കൃത്യമായി ക്വുർആനിലും ഹദീഥിലും വിശദീകരിച്ചിരിക്കുന്നു. Genetic sex ബീജസങ്കലന സമയത്തുതന്നെ നിർണയിക്കപ്പെടുന്നു എന്ന കാര്യം വിശുദ്ധ ക്വുർആൻ വചനങ്ങളിലും (53:45-46) phentoype sex നിർണയിക്കപ്പെടുന്ന ഭ്രൂണത്തിന്റെ sex differentiation ഭ്രൂണത്തിന്റെ ആറാമത്തെ ആഴ്ചയിലും നടക്കുന്നു എന്ന കാര്യം ഹദീഥിലും കൃത്യമായി വിശദീകരിക്കുന്നു.

ഗർഭാശയത്തിൽവച്ച് ബീജസങ്കലനം നടക്കുന്ന സമയത്തുതന്നെ ജനറ്റിക് സെക്സ് നിർണയിക്കപ്പെടുന്നു എന്ന കാര്യവും ആറാഴ്ച കഴിഞ്ഞ് മാതാവിന്റെ ഗർഭാശയത്തിന് അകത്തുവച്ച് differentiation of primordial bipotential gonadsഉം നടക്കുന്നു എന്ന കാര്യവും വളരെ അടുത്തകാലത്ത് മാത്രം ശാസ്ത്രം കണ്ടെത്തിയതാണ്. 1400 വർഷങ്ങൾക്കു മുമ്പ് എങ്ങനെയാണ് ഈ കാര്യത്തെപ്പറ്റി നിരക്ഷരനായ മുഹമ്മദ് നബിﷺക്ക് അറിവ് ഉണ്ടാവുക? ക്വുർആനും പ്രവാചക വചനങ്ങളും ദൈവിക വെളിപാടുകൾ മാത്രമാണ് എന്ന് നിഷ്പക്ഷ ബുദ്ധിയോടെ ചിന്തിക്കുന്ന ഏതൊരാൾക്കും വെളിവാകുമെന്ന് തീർച്ച.

**(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം





അധ്യായം: 59, ഭാഗം 2

# ഹശ്ർ (തുരത്തിയോടിക്കൽ)

(മദീനയിൽ അവതരിച്ചത്)

مَا قَطَعْتُم مِّن لِّينَةٍ أَوْ تَرَكْتُمُوهَا قَآئِمَةً عَلَىٰٓ
أُصُولِهَا فَبِإِذْنِ ٱللَّهِ وَلِيُخْزِىَ ٱلْفَٰسِقِينَ ﴿٥﴾
وَمَآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنْهُمْ فَمَآ أَوْجَفْتُمْ عَلَيْهِ
مِنْ خَيْلٍ وَلَا رِكَابٍ وَلَٰكِنَّ ٱللَّهَ يُسَلِّطُ رُسُلَهُۥ
عَلَىٰ مَن يَشَآءُ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٦﴾

5. നിങ്ങൾ വല്ല ഈന്തപ്പനയും മുറിക്കുകയോ അല്ലെങ്കിൽ അവയെ അവയുടെ മുരടുകളിൽ നിൽക്കാൻ വിടുകയോ ചെയ്യുന്ന പക്ഷം അത് അല്ലാഹുവിന്റെ അനുമതി പ്രകാരമാണ്. അധർമകാരികളെ അപമാനപ്പെടുത്താൻ വേണ്ടിയുമാണ്.

6. അവരിൽ നിന്ന് (യഹൂദരിൽനിന്ന്) അല്ലാഹു അവന്റെ റസൂലിന് കൈവരുത്തി കൊടുത്തതെന്തോ അതിനായി നിങ്ങൾ കുതിരകളെയോ ഒട്ടകങ്ങളെയോ ഓടിക്കുകയുണ്ടായിട്ടില്ല. പക്ഷേ, അല്ലാഹു അവന്റെ ദൂതന്മാരെ അവൻ ഉദ്ദേശിക്കുന്നവരുടെ നേർക്ക് അധികാരപ്പെടുത്തി അയക്കുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

مَّآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنْ أَهْلِ ٱلْقُرَىٰ فَلِلَّهِ وَلِلرَّسُولِ
وَلِذِى ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينِ وَٱبْنِ ٱلسَّبِيلِ
كَىْ لَا يَكُونَ دُولَةًۢ بَيْنَ ٱلْأَغْنِيَآءِ مِنكُمْ ۚ وَمَآ ءَاتَىٰكُمُ
ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟ ۚ وَٱتَّقُوا۟
ٱللَّهَ ۖ إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٧﴾

7. അല്ലാഹു അവന്റെ റസൂലിന് വിവിധ രാജ്യക്കാരിൽനിന്ന് കൈവരുത്തി കൊടുത്തതെന്തോ അത് അല്ലാഹുവിനും റസൂലിനും അടുത്ത കുടുംബങ്ങൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാകുന്നു. അത് (ധനം) നിങ്ങളിൽനിന്നുള്ള ധനികൻമാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണത്. നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.

മരങ്ങളും ഈത്തപ്പനകളും മുറിച്ചതിൽ പ്രവാചകനെയും മുസ്‌ലിംകളെയും ബനുന്നളീറുകാർ ആക്ഷേപിക്കുകയും അത് കുഴപ്പമുണ്ടാക്കലാണെന്ന് വാദിക്കുകയും മുസ്‌ലിംകളെ ആക്ഷേപിക്കാൻ ഒരു കാരണമാക്കുകയും ചെയ്തപ്പോൾ അല്ലാഹു പറഞ്ഞത് അവർ അത് മുറിച്ചതും മുറിക്കാതിരുന്നതുമെല്ലാം അവന്റെ നിർദേശപ്രാകരം തന്നെയാണ് എന്നാണ്.

(അത് അല്ലാഹുവിന്റെ അനുമതി പ്രകാരമാണ്) അവന്റെ കൽപന പ്രകാരമാണ്. (അധർമകാരികളെ അപമാനപ്പെടുത്താൻ വേണ്ടിയുമാണ്) അവരുടെ ഈന്തപ്പനകൾ മുറിക്കാനും അത് കരിച്ചുകളയാനും നിങ്ങൾക്കവൻ അധികാരം തന്നത് അവരുടെ ശക്തിയുടെ അടിസ്ഥാനമായ ഈത്തപ്പനയെ രക്ഷപ്പെടുത്താൻ കഴിയാത്ത അവരുടെ തികഞ്ഞ അശക്തി മനസ്സിലാക്കി കൊടുക്കുന്നതിലൂടെ നിന്ദ്യതയും ഇഹലോകത്ത് അപമാനവും പാഠമുൾക്കൊള്ളാവുന്ന ഒരു ശിക്ഷയും ആയിത്തീരാൻ വേണ്ടിയാണ്. ശരിയായ വീക്ഷണപ്രകാരം ലീനത്ത് (اللينة) എന്നതിൽ മറ്റു ഈന്തപ്പനകളെല്ലാം ഉൾക്കൊള്ളുന്നു. ഇതാണ് ബനുന്നളീറിന്റെ അവസ്ഥ. ഇഹലോകത്ത് അല്ലാഹു അവരെ ശിക്ഷിച്ചതിന്റെ ഒരവസ്ഥ.

6). പിന്നീട് അവരുടെ സ്വത്തും സാമഗ്രികളും ലഭിച്ചവരെ കുറിച്ചാണ് പരാമർശിക്കുന്നത്. അല്ലാഹു പറയുന്നു:

(അവരിൽ നിന്ന്-യഹൂദരിൽ നിന്ന്-അല്ലാഹു അവന്റെ റസൂലിന് കൈവരുത്തി കൊടുത്തതെന്തോ) അതായത് ഈ ഗ്രാമക്കാരിൽ നിന്ന്. അത് ബനുന്നളീർകാരാണ്. അകയാൽ ഓ, മുസ്‌ലിം സമൂഹമേ, (അതിനായി നിങ്ങൾ കുതിരകളെയോ ഒട്ടകങ്ങളെയോ ഓടിക്കുകയുണ്ടായിട്ടില്ല). അതായത്, നിങ്ങൾ ഓടിക്കുകയോ സംഘടിപ്പിക്കുകയോ ചെയ്തിട്ടില്ല. അതെല്ലാം കൈവശപ്പെടുത്താൻ നിങ്ങളുടെ ശരീരങ്ങൾ കൊണ്ടോ കന്നുകാലികളെക്കൊണ്ടോ നിങ്ങൾ പരിശ്രമിച്ചിട്ടില്ല. മറിച്ച് അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയം ഇട്ടുകൊടുത്തു. അങ്ങനെ നിങ്ങൾക്കത് വെറുതെ കിട്ടി. അതാണ് തുടർന്നു പറഞ്ഞത്: (പക്ഷേ, അല്ലാഹു അവന്റെ ദൂതന്മാരെ അവൻ ഉദ്ദേശിക്കുന്നവരുടെ നേർക്ക് അധികാരപ്പെടുത്തി അയക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു). അവന്റെ കഴിവിന്റെ പൂർണതയാൽ ഒരാൾക്കും ഒരു തടസ്സവും ഉണ്ടാക്കാനാവില്ല. ഒരു ശക്തിയും അവന്റെമേൽ ആധിപത്യം ചെലുത്തുകയുമില്ല.

7). കർമശാസ്ത്ര പണ്ഡിതന്മാരുടെ അടുക്കൽ (الفيئ) 'ഫൈഅ്' എന്നതിന്റെ സാങ്കേതിക നിർവചനം സത്യനിഷേധികളുടെ ധനത്തിൽനിന്നും ന്യായമായി എടുക്കുന്നത് എന്നാണ്; അവർ ഉപേക്ഷിച്ച് ഓടിപ്പോയതിനാൽ ലഭിച്ച ധനം പോലെയുള്ളത്. അതിനാണ് ഫൈഅ് എന്ന് പറയുന്നത്.

അല്ലാഹു പറഞ്ഞതുപോലെയാണ് അതിന്റെ പൊതുവായ വിധി (അല്ലാഹു അവന്റെ റസൂലിന് വിവിധ രാജ്യക്കാരിൽനിന്ന് കൈവരുത്തി കൊടുത്തതെന്തോ അത്). പൊതുവായ അർഥമാണിവിടെ. റസൂലിന്റെ കാലത്തായാലും അദ്ദേഹത്തിന്റെ കാലശേഷം അധികാരം ഏറ്റെടുക്കുന്നവർക്കായാലും സമമാണ്. (അത് അല്ലാഹുവിനും റസൂലിനും അടുത്ത കുടുംബങ്ങൾക്കും അനാഥകൾക്കും അഗതികൾക്കും

വഴിപോക്കർക്കുമുള്ളതാകുന്നു). സൂറഃ അൻഫാലിലുള്ള വചനത്തിന്റെ അതേ അർഥം തന്നെയാണ് ഈ വചനത്തിനും.

وَٱعْلَمُوٓا۟ أَنَّمَا غَنِمْتُم مِّن شَىْءٍ فَأَنَّ لِلَّهِ
خُمُسَهُۥ وَلِلرَّسُولِ وَلِذِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ
وَٱلْمَسَٰكِينِ وَٱبْنِ ٱلسَّبِيلِ

"നിങ്ങൾ (യുദ്ധത്തിൽ) നേടിയെടുത്ത ഏതൊരു വസ്തുവിൽനിന്നും അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും റസൂലിനും (റസൂലിന്റെ) അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും പാവപ്പെട്ടവർക്കും വഴിപോക്കർക്കും ഉള്ളതാണെന്ന് നിങ്ങൾ മനസ്സിലാക്കുവിൻ" (അൻഫാൽ: 41).

ഈ ഫൈഅ് (കൈവശപ്പെടുത്തിയത്) അഞ്ച് ഭാഗമായി ഓഹരി വെക്കപ്പെടും. അതിലൊന്ന് അല്ലാഹുവിനും റസൂലിനുമാണ്. അത് മുസ്‌ലിംകളുടെ പൊതുനന്മക്കു വേണ്ടി വിനിയോഗിക്കും. അഞ്ചിലൊന്ന് നബികുടുംബത്തിന്. ബനൂഹാശിം, ബനൂമുത്വലിബ് കുടുംബങ്ങളാണവർ. അവരിലെ സ്ത്രീപുരുഷന്മാർക്ക് തുല്യമായി ഭാഗിക്കപ്പെടും. അഞ്ചിൽ ഒന്നിന്റെ അഞ്ചിലൊന്നിൽ ബനൂഹാശിമിനോടൊപ്പം ബനൂമുത്വലിബും ഉൾപ്പെടും. മറ്റുള്ള ബനൂഅബ്ദുമനാഫ് അവരിൽ പങ്കുചേരില്ല. ബനൂഹാശിമിനെതിരെ ശത്രുതയും ഉപരോധവുമായി ശഅ്ബ് അബൂത്വാലിബിൽ ക്വുറൈശികൾ കരാറുണ്ടാക്കിയപ്പോൾ ബനൂമുത്വലിബ് ബനൂഹാശിമിനോടൊപ്പം ചേർന്നു. അവർ മറ്റുള്ളവർക്കെതിരായി റസൂലിനെ സഹായിച്ചു. അതുകൊണ്ടാണ് നബിﷺ ബനൂ അബ്ദുൽ മുത്വലിബിനെ കുറിച്ച് ഇങ്ങനെ പറഞ്ഞത്: "അവർ ജാഹിലിയ്യത്തിലും ഇസ്‌ലാമിലും എന്നെ പിരിയാത്തവരാണ്."


അഞ്ചിലൊന്ന് അനാഥകൾക്കും ദരിദ്രർക്കും. അനാഥരെന്നാൽ പിതാവ് മരിച്ചവരും പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും. അഞ്ചിലൊന്ന് സാധുക്കൾക്ക്. അഞ്ചിലൊന്ന് വഴിയാത്രക്കാർക്കും. അവർ സ്വന്തം നാട്ടിലല്ലാതെ ഒറ്റപ്പെട്ടുപോയവരാണ്.

അല്ലാഹു ഇങ്ങനെ ഒരു കണക്ക് നിശ്ചയിക്കുകയും ഫൈഅ് സ്വത്ത് ഈ നിർണിത വിഭാഗങ്ങളിൽ പരിമിതപ്പെടുത്തുകയും ചെയ്തു. (അത് -ധനം- നിങ്ങളിൽ നിന്നുള്ള ധനികർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണത്) അതായത് കൈമാറ്റവും അവരിൽ മാത്രമാകലും. (നിങ്ങളിൽ നിന്നുള്ള ധനികന്മാരിൽ മാത്രം) അതിനൊരു കണക്ക് നിശ്ചയിച്ചിട്ടില്ലെങ്കിൽ അത് ശക്തിയുള്ളവരും സമ്പന്നരും മാത്രം കൈകാര്യം ചെയ്യുന്നു. അവരല്ലാത്ത ദുർബലർക്ക് യാതൊന്നും ലഭിക്കാതെ വരും. അല്ലാഹുവിന് മാത്രമറിയുന്ന ഒട്ടനവധി പ്രശ്നങ്ങളുണ്ടതിൽ. അല്ലാഹു നിർദേശിച്ച മതനിയമങ്ങളും കൽപനകളും പിന്തുടരുമ്പോൾ കണക്കാക്കാനാകാത്ത ഗുണങ്ങളുള്ളതു പോലെ തന്നെ. അതിനാൽ ഒരു പൊതു അടിസ്ഥാനവും പൊതുനിയമവും അല്ലാഹു ഇവിടെ നിർദേശിക്കുന്നു.

> **"റസൂൽ കൊണ്ടുവന്നത് സ്വീകരിക്കിലും പിൻപറ്റലും ദാസന്മാരുടെമേൽ നിശ്ചയിക്കപ്പെട്ടതാണ്. അതിന് എതിരു പ്രവർത്തിക്കൽ പാടില്ലാത്തതാണ്. ഒരു കാര്യത്തിൽ റസൂലിന്റെ വിധി അല്ലാഹുവിന്റെ വിധിപോലെ തന്നെയാണ്. അത് ഉപേക്ഷിക്കാൻ ഒരാൾക്കും ഒരു ന്യായമോ ഇളവോ ഇല്ല."**

(നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക) മതത്തിന്റെ അടിസ്ഥാന നിയമങ്ങളും ശാഖകളും പ്രത്യക്ഷമായതും പരോക്ഷമായതുമെല്ലാം ഈ വചനം ഉൾക്കൊള്ളുന്നുണ്ട്. റസൂൽ കൊണ്ടുവന്നത് സ്വീകരിക്കിലും പിൻപറ്റലും ദാസന്മാരുടെമേൽ നിശ്ചയിക്കപ്പെട്ടതാണ്. അതിന് എതിരു പ്രവർത്തിക്കൽ പാടില്ലാത്തതാണ്. ഒരു കാര്യത്തിൽ റസൂലിന്റെ വിധി അല്ലാഹുവിന്റെ വിധിപോലെ തന്നെയാണ്. അത് ഉപേക്ഷിക്കാൻ ഒരാൾക്കും ഒരു ന്യായമോ ഇളവോ ഇല്ല. റസൂലിന്റെ വാക്കിനെക്കാൾ ഒരാളുടെ വാക്കിനും മുൻഗണന നൽകാവതല്ല. ഇഹപരജീവിതങ്ങളെയും ആത്മാവിനെയും ഹൃദയങ്ങളെയും സമ്പന്നമാക്കുന്ന സൂക്ഷ്മതാബോധത്തെയാണ് തുടർന്ന് ഉണർത്തുന്നത്. അതിലാണ് നിത്യസൗഭാഗ്യവും മഹത്തായ വിജയവുമുള്ളത്. അത് പാഴാക്കുന്നതിലൂടെ നിത്യമായ ദൗർഭാഗ്യവും അനശ്വരമായ ശിക്ഷയും ലഭിക്കുന്നു. (നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്) സൂക്ഷ്മത പാലിക്കാതിരിക്കുകയും ഇച്ഛകൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്തവരെ.

ഷാനിബ വടക്കേകാട്
mail@nerpatham.com



# ആനയോളം ആശ്ചര്യം

നേരിട്ടാദ്യം ആനേക്കണ്ടു
പേടിച്ചില്ല ഞാനൊട്ടും!
ഇമ്മിണി വലിയൊരു ആനക്കെന്തേ
ഇത്തിരിക്കുഞ്ഞൻ കണ്ണായി?
കറുകറുത്തൊരാനക്കെങ്ങനെ
വെളുവെളുത്തിരു കൊമ്പായി?
നീളം കൂടിയ മൂക്കിനു പേര്
എന്തേ തുമ്പിക്കയ്യായി?
വമ്പൻ കാലുകൾ നാലുണ്ടല്ലോ
എന്തേ ചങ്ങല ഇരുകാലിൽ?
വായും ഉണ്ട് വയറും ഉണ്ട്
പുറകിൽ കുറിയൊരു വാലുണ്ട്.

വിശറിച്ചെവികൾ രണ്ടുണ്ട്
വീശുന്നല്ലോ എപ്പോഴും.
പാപ്പാനൊരു വടി ചാരുമ്പം
പിന്നെയൊരടിയും നീങ്ങില്ല!
ഇമ്മിണി വലിയൊരു ആനക്കെന്തേ
ഇത്രയും പേടി ഈ വടിയെ?
ഇത്തിരിയുള്ളൊരീ ചോദ്യങ്ങൾക്ക്
ഉത്തരമുണ്ടോ കൂട്ടാരേ...?
സ്രഷ്ടാവേകൻ കാണിക്കുന്ന
ദൃഷ്ടാന്തം പലതാണല്ലോ!
എല്ലാതും പരിപാലിക്കുന്നോൻ,
അവനുടെ വിധിയാണെല്ലാതും.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# കടലിൽ മുക്കിയെടുത്ത കൈവിരൽ

**നബിﷺ പറഞ്ഞു: "പരലോകത്തെ അപേക്ഷിച്ച് ഇഹലോകത്തിന്റെ അവസ്ഥ നിങ്ങളിലൊരാൾ സ്വന്തം കൈവിരൽ സമുദ്രത്തിൽ മുക്കിയെടുത്തതു പോലെയാണ്. (അതിൽ നിന്ന്) അവൻ എന്തുമായി മടങ്ങിയെന്ന് അവൻ നോക്കട്ടെ" (മുസ്‌ലിം)**

മനുഷ്യരിലാരും പൊതുവെ മരിക്കാൻ ആഗ്രഹിക്കുന്നവരല്ല. ഇഹലോകത്തോടുള്ള പ്രതിപത്തിയും അവനിൽനിന്ന് ഇല്ലാതാകില്ല. വയസ്സെത്ര ചെന്നാലും ഇതുതന്നെയാണ് അവസ്ഥ. താൻ എന്നെന്നും ഇവിടെ ജീവിക്കുന്നവനാണ് എന്ന് ചിന്തിക്കുംപോലെയാണ് പലരും ജീവിക്കുന്നത്. എത്ര സമ്പാദിച്ചാലും അവർക്ക് മതിയാവില്ല. എത്ര ആസ്വദിച്ചാലും കൊതിതീരില്ല.

പരമമായ ലക്ഷ്യം സമ്പത്ത് വാരിക്കൂട്ടലും ആർഭാട ജീവിതം നയിക്കലുമാണെന്ന് കാണുന്നയാൾക്ക് ദൈവത്തെക്കുറിച്ചുള്ള ചിന്തതന്നെ അരോചകമായിരിക്കും. ഭൗതിക സുഖസൗകര്യങ്ങൾ എത്രകണ്ട് വർധിക്കുന്നുവോ അത്രകണ്ട് ദൈവചിന്തയിൽ നിന്ന് മനുഷ്യൻ അകന്നുപോകാനുള്ള സാധ്യതയും വർധിക്കും. അതുകൊണ്ടാണ് 'എന്റെകാലശേഷം ആർഭാടപൂർണവും അലംകൃതവുമായ ജീവിതം നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടുന്നതിനെ ഞാൻ ഏറ്റവും ഭയപ്പെടുന്നു' എന്ന് നബിﷺ ഒരിക്കൽ പറഞ്ഞത്.

ഭൗതിക സുഖസൗകര്യങ്ങൾ ദൈവം തന്ന അനുഗ്രഹമാണെന്നു മനസ്സിലാക്കി അതിനെല്ലാം നന്ദികാണിച്ച് ജീവിക്കുവാൻ കഴിയുക എന്നത് പണത്തെ മാത്രം സ്നേഹിക്കുന്നവർക്ക് കഴിയുന്ന കാര്യമല്ല. ഐഹിക ജീവിതത്തിന്റെ ക്ഷണികതയും മനുഷ്യന്റെ നിസ്സാരതയും മനസ്സിലാക്കുന്നവർക്ക് ഭൗതികതയുടെ വർണശബളിമയിൽ മയങ്ങി ജീവിക്കുവാൻ കഴിയില്ല. ഐഹിക ജീവിതത്തിന് മനോഹരമായ ചില ഉപമകൾ വിശുദ്ധ ക്വുർആനിലും പ്രവാചകവചനങ്ങളിലും കാണാം:

മുകളിൽ കൊടുത്ത പ്രവാചകവചനം ശ്രദ്ധിക്കുക. സമുദ്രത്തിൽ വിരൽമുക്കി പുറത്തെടുത്താൽ ഒന്നോ രണ്ടോ തുള്ളികൾ മാത്രമെ വിരൽത്തുമ്പിൽ തങ്ങിനിൽക്കുകയുള്ളൂ. പരലോകത്തെ അപേക്ഷിച്ച് അത്രയും നിസ്സാരമാണ് ഇഹലോകത്തിന്റെ അവസ്ഥ!

അല്ലാഹു പറയുന്നു: "നാം ആകാശത്തുനിന്ന് വെള്ളമിറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നു വളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും അത് അഴകാർന്നതാകുകയും അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയും തലേദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉന്മൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹിക ജീവിതത്തിൻെറ ഉപമ. ചിന്തിക്കുന്ന ആളുകൾക്കു വേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു" (10:24).

"നിങ്ങൾ അറിയുക: ഇഹലോക ജീവിതം കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്കു കാണാം. പിന്നീടത് തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്‌വൃത്തർക്ക്) അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹിക ജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല" (57:20).

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം




അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 16

# മൻഖൂസ് മൗലിദും മാറാവ്യാധികളും

ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസാചാരങ്ങളിൽനിന്ന് അകലുവാനും മാനസിക പിരിമുറുക്കങ്ങളിൽ അകപ്പെടുവാനും പരലോകത്ത് നഷ്ടം വരുത്തുന്ന കാര്യങ്ങളുമായി ജീവിക്കുവാനും മുസ്‌ലിംകളിൽ ആരും ഇഷ്ടപ്പെടുകയില്ല. എന്നാൽ അവർ അറിയാതെ യഥാർഥ വിശ്വാസാചാരങ്ങളിൽനിന്ന് അവരെ അകറ്റുവാനും മൂഢവിശ്വാസങ്ങളുടെ വാഹകരാക്കുവാനും ശ്രമിക്കുന്ന പണ്ഡിത വേഷധാരികളുണ്ട് എന്ന് ഖേദപൂർവം പറയട്ടെ. കോറോണകൊണ്ടുള്ള പരീക്ഷണകാലത്തും ദുഷിച്ച വിശ്വാസങ്ങൾ പ്രചരിപ്പിക്കാൻ ഇക്കൂട്ടർ മൽസരിക്കുന്നു എന്നത് ആശ്ചര്യകരം തന്നെയാണ്.

2020 ഒക്ടോബർ ആദ്യലക്കം സുന്നിവോയ്സിൽ സമസ്ത പണ്ഡിതസഭയിലെ മുഖ്യൻ തന്റെ കോറോണ അനുഭവം പങ്കുവെച്ചത് കാണുക: 'ലോക്ഡൗൺ തുടങ്ങിയത് മുതൽ ഇതുവരെ എല്ലാ മാസവും മഗ്രിബിനു ശേഷം ഞങ്ങളുടെ വീട്ടിൽ മൻഖൂസ് മൗലിദ് ഓതാറുണ്ട്. രണ്ട് ഹദീസെങ്കിലും ഓതാത്ത ദിവസമുണ്ടായിട്ടില്ല. വബാഅ് പോലുള്ള പകർച്ചവ്യാധികൾക്കും മറ്റു ബലാഉകൾക്കും വലിയ പരിചയാണ് മൻഖൂസ് മൗലിദ്. അതുപോലെ സ്വലാത്തുകളും" (പേജ്: 8).

ഇതിൽ എന്താണ് പ്രശ്നമെന്ന് ചിന്തിക്കുന്നവർ ഒരു പക്ഷേ, ഉണ്ടായേക്കാം. ഹദീഥുകൾ വായിക്കുന്നതും നബിﷺ പഠിപ്പിച്ച സ്വലാത്താണെങ്കിൽ അത് ചൊല്ലുന്നതും നല്ലതുതന്നെ. എന്നാൽ മതവുമായി ഒരിക്കലും ബന്ധിപ്പിക്കാൻ പറ്റാത്ത വിഷയങ്ങൾക്ക് പ്രാമുഖ്യം കൽപിക്കുന്നതും ഇബാദത്ത് എന്ന നിലയിൽ പ്രത്യേക സമയം നിശ്ചയിച്ച് അത് ചെയ്യുന്നതും എതിർക്കപ്പെടേണ്ടതാണ്. കാരണം കൂട്ടിച്ചേർക്കലോ കുറച്ചുകളയലോ വേണ്ടാത്തവിധം ഇസ്‌ലാം പരിപൂർണമാണ്. അല്ലാഹു പറയുന്നു:

"...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു..." (ക്വുർആൻ 5:3).

മഹാമാരിയടക്കം കടുത്ത വേദനനിറഞ്ഞ പരീക്ഷണങ്ങളും ജീവിതത്തിന് ആനന്ദമേകുന്ന കാര്യങ്ങളും ഒരാളുടെയും പങ്കാളിത്തമില്ലാതെ തീരുമാനിക്കുന്നതും നമ്മുടെ ജീവിതത്തിൽ നടപ്പാക്കുന്നതും അല്ലാഹുവാണ്. ക്വുർആൻ പറയുന്നു:

"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു" (57:22).

പരീക്ഷണമാണെങ്കിൽ അതിനെ മുഴുവനായും നീക്കാനും സന്തോഷമാണെങ്കിൽ നല്ല നിലയിൽ അതിനെ ആസ്വദിപ്പിക്കാനും കഴിയുന്നവൻ അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കൽ നിർബന്ധമാണ്. അല്ലാഹു പറയുന്നു:

"(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ" (6:17).

ഈ പരമയാഥാർഥ്യത്തിൽനിന്ന് പൗരോഹിത്യം ആളുകളെ തെറ്റിച്ചുകളയുന്നു എന്നതാണ് നാം കാണുന്നത്. അതിന്റെ ഒരു ഉദാഹരണമാണ് സുന്നിവോയ്സിലെ, മുകളിൽ കൊടുത്ത ഉദ്ധരണി.

സമസ്തയുടെ ആധികാരിക പ്രമാണമെന്ന് വിശേഷിപ്പിക്കാവുന്ന എട്ടാം പ്രമേയത്തിൽ തന്നെ പഠിപ്പിക്കപ്പെട്ടത് മൻഖൂസ് മൗലിദ് ഓതാത്തവൻ അവരുടെ ഭാഷയിലെ സുന്നിയല്ല എന്നാണ്.

'തസ്ബീഹ് മാല ഉപയോഗിക്കലും മൻഖൂസ് മുതലായ മൗലിദുകൾ, ബദ്‌രിയ്യത്ത് ബൈത്ത്, മുഹ്‌യിദ്ദീൻ മാല, രിഫാഈ മാല മുതലായ നിരാക്ഷേപം മുസ്‌ലിംകളിൽ നടന്നുവരുന്നതും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ ഉലമാക്കളാൽ ദീനിൽ അറിയപ്പെട്ടതുമായ കാര്യങ്ങൾ മത വിരുദ്ധമാണെന്നോ, ശിർക്കാണെന്നോ പറയുന്നവർ സുന്നികളല്ല. അവർ ഖാസി, ഖത്തീബ്, ഇമാം എന്നീ സ്ഥാനത്തേക്ക് അർഹരുമല്ല" (ഇവരെ എന്തുകൊണ്ട് അകറ്റണം?, പേജ് 15).

പൊന്നാനിയിലെ വലിയ മഖ്ദൂം രചിച്ചതായ മൻഖൂസ് മൗലിദിൽ സാധാരണക്കാർക്ക് താൽപര്യമുണ്ടാകാൻ വ്യത്യസ്ത ശൈലികളിൽ ഇവർ നടത്തിയ പ്രചരണങ്ങൾ ഇങ്ങനെയാണ്.

> **ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസാചാരങ്ങളിൽനിന്ന് അകലുവാനും മാനസിക പിരിമുറുക്കങ്ങളിൽ അകപ്പെടുവാനും പരലോകത്ത് നഷ്ടം വരുത്തുന്ന കാര്യങ്ങളുമായി ജീവിക്കുവാനും മുസ്‌ലിംകളിൽ ആരും ഇഷ്ടപ്പെടുകയില്ല. എന്നാൽ അവർ അറിയാതെ യഥാർഥ വിശ്വാസാചാരങ്ങളിൽനിന്ന് അവരെ അകറ്റുവാനും മൂഢവിശ്വാസങ്ങളുടെ വാഹകരാക്കുവാനും ശ്രമിക്കുന്ന പണ്ഡിത വേഷധാരികളുണ്ട് എന്ന് ഖേദപൂർവം പറയട്ടെ. കോറോണകൊണ്ടുള്ള പരീക്ഷണകാലത്തും ദുഷിച്ച വിശ്വാസങ്ങൾ പ്രചരിപ്പിക്കാൻ ഇക്കൂട്ടർ മൽസരിക്കുന്നു എന്നത് ആശ്ചര്യകരം തന്നെയാണ്.**

> നബിﷺയുടെയും ഉമർ-വിന്റെയും കാലത്ത് പ്ലേഗ് രോഗം ഉണ്ടായപ്പോൾ അതിനെ അതിജീവിച്ചത് അല്ലാഹുവിനോട് മാത്രം പ്രാർഥിച്ചും മതനിർദേശങ്ങൾ പാലിച്ചുകൊണ്ടുമാണ്. മദീനത്ത് എത്തിയ അബൂബക്കർ-, ബിലാൽ- എന്നിവർ അവിടുത്തെ പകർച്ചവ്യാധിയെ സംബന്ധിച്ച് നബിﷺയോട് ബുദ്ധിമുട്ട് പറഞ്ഞപ്പോൾ മദീനയുടെ നന്മക്കും പുണ്യത്തിനും, ആ രോഗം നീങ്ങിക്കിട്ടുന്നതിനും അല്ലാഹുവിനോട് തേടിയത് ഇമാം മുസ്‌ലിം(റഹി) ഉദ്ധരിച്ച ഹദീഥിൽ കാണാം. ഇതാണ് പ്രതിസന്ധി ഘട്ടങ്ങളെ മറികടക്കാൻ നബിﷺക്ക് വഹ്‌യിലൂടെ ലഭിക്കപ്പെട്ട മാർഗം. എന്നാൽ ഇവർ പഠിപ്പിക്കുന്നതോ?

"മണ്ണാർക്കാടിനടുത്ത് അമ്പംകുന്നിൽ അന്ത്യവിശ്രമം ചെയ്യുന്ന ബീരാൻ ഔലിയ ഉപ്പാപ്പ രോഗമോ മറ്റു വല്ല പ്രശ്നങ്ങളോ പരാതിപ്പെട്ടാൽ നിശ്ചിത ദിവസത്തിനകം നിശ്ചിത എണ്ണം മൻഖൂസ് മൗലിദ് ഓതിത്തീർക്കാൻ കൽപ്പിക്കലും ആയിടയിൽ പ്രശ്നം പരിഹരിക്കപ്പെടലും പതിവായിരുന്നു" (മൻഖൂസ് മൗലിദ് പരിഭാഷ, വ്യാഖ്യാനം, പേജ് 9).

ഇത്തരം ഘട്ടങ്ങളിൽ എന്താണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത് എന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. ഉസ്മാൻ ഇബ്നു അബിൽഹാസ്- ഇസ്‌ലാം സ്വീകരിച്ചതുമുതൽ അദ്ദേഹത്തിന് ശരീരത്തിലുള്ള വേദനയെക്കുറിച്ച് നബിﷺയോട് പരാതിപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'നിന്റെ ശരീരത്തിൽ വേദനയുള്ള ഭാഗത്ത് കൈ വെച്ച് ബിസ്മില്ലാഹി എന്ന് മൂന്നു തവണ പറയുക. ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുകയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതിന്റെ കെടുതിയിൽ നിന്ന് അല്ലാഹുവിലും അവന്റെ കഴിവിലും ഞാൻ അഭയം തേടുന്നു എന്ന് ഏഴ് തവണയും നീ പറയുക" (മുസ്‌ലിം).

"പൊന്നാനിയിലും പരിസരങ്ങളിലും ഒരുകാലത്ത് ശക്തിയായ കോളറ പടർന്നുപിടിച്ചു. തുടർച്ചയായ മരണങ്ങൾ കാരണം മയ്യിത്ത് സംസ്കരണങ്ങൾക്ക് പോലും പ്രയാസം നേരിട്ടിരുന്നു. ആളുകൾ ഒന്നിനു പിറകെ മറ്റൊന്നായി മരിച്ചുവീഴുന്ന രംഗം കണ്ട് നാട്ടുകാരെല്ലാം ഭയവിഹ്വലരായി. അവരുടെ നേതാവായ സൈനുദ്ദീൻ മഖ്ദൂം- തങ്ങളെ സമീപിച്ചു. തദ്സമയം അവർ രചിച്ച ഈ മൗലിദ് വീടുകൾ തോറും ചൊല്ലുവാനും സദ്യകഴിക്കുവാനും ഉപദേശിച്ചു. മഖ്ദൂം-തങ്ങളുടെ ഈ നിർദേശം അവർ ശിരസ്സാവഹിക്കുകയും ഏതാനും ദിവസങ്ങൾക്കകം അത്ഭുതകരമായി ഈ രോഗം വിട്ടുമാറുകയും ജനജീവിതം സാധാരണപോലെയാവുകയും ചെയ്തു" (മൻഖൂസ് മൗലിദ് പരിഭാഷ, വ്യാഖ്യാനം, പേജ് 10).

നബിﷺയുടെയും ഉമർ-വിന്റെയും കാലത്ത് പ്ലേഗ് രോഗം ഉണ്ടായപ്പോൾ അതിനെ അതിജീവിച്ചത് അല്ലാഹുവിനോട് മാത്രം പ്രാർഥിച്ചും മതനിർദേശങ്ങൾ പാലിച്ചുകൊണ്ടുമാണ്. മദീനത്ത് എത്തിയ അബൂബക്കർ-, ബിലാൽ- എന്നിവർ അവിടുത്തെ പകർച്ചവ്യാധിയെ സംബന്ധിച്ച് നബിﷺയോട് ബുദ്ധിമുട്ട് പറഞ്ഞപ്പോൾ മദീനയുടെ നന്മക്കും പുണ്യത്തിനും, ആ രോഗം നീങ്ങിക്കിട്ടുന്നതിനും അല്ലാഹുവിനോട് തേടിയത് ഇമാം മുസ്‌ലിം- ഉദ്ധരിച്ച ഹദീഥിൽ കാണാം. ഇതാണ് പ്രതിസന്ധി ഘട്ടങ്ങളെ മറികടക്കാൻ നബിﷺക്ക് വഹ്‌യിലൂടെ ലഭിക്കപ്പെട്ട മാർഗം. എന്നാൽ ഇവർ പഠിപ്പിക്കുന്നതോ?

രോഗംമൂലമോ അല്ലാതെയോ പരീക്ഷിക്കപ്പെടുമ്പോൾ വിശ്വാസികൾ എന്ത് ചെയ്യണമെന്നത് അല്ലാഹു പറഞ്ഞുതരുന്നത് കാണുക: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്ന് ഉത്തരംനൽകുകയും വിഷമം നീക്കികൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (27:62)

ഇബ്നു കഥീർ(റഹി) പറയുന്നു: "പ്രയാസങ്ങളിൽ വിളിച്ചു തേടപ്പെടേണ്ടവനും പ്രതിസന്ധിഘട്ടങ്ങളിൽ പ്രതീക്ഷിക്കപ്പെടേണ്ടവനും ഞാനാണെന്ന് (ഇവിടെ) അല്ലാഹു ഉണർത്തുന്നു. അഥവാ ബുദ്ധിമുട്ടിൽ അകപ്പെട്ടവൻ അഭയം പ്രാപിക്കുന്നതും അത്തരക്കാരുടെ പ്രയാസങ്ങൾ അകറ്റുന്നതും അല്ലാഹുവിന് പുറമെ ആരാണ്?" (വാള്യം 3, പേജ് 492)

അബൂ തമീമ അൽഹുജൈമി- 'ബൽഹുജൈം' എന്നിടത്തുള്ള ഒരാളിൽനിന്ന് ഇങ്ങനെ ഉദ്ധരിക്കുന്നു. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഏതൊന്നിലേക്കാണ് താങ്കൾ ക്ഷണിക്കുന്നത്?' പ്രവാചകൻﷺ പറഞ്ഞു: 'നിനക്ക് പ്രയാസം ബാധിക്കുമ്പോൾ നീ പ്രാർഥിക്കുകയും അപ്പോൾ നിന്റെ പ്രയാസം നീക്കിത്തരികയും, വിജനപ്രദേശത്ത് നിനക്ക് നിന്റെ

യാത്രാമൃഗം നഷ്ടമാവുകയും അങ്ങനെ നീ പ്രാർഥിക്കുകയും അപ്പോൾ നിനക്കത് തിരിച്ചുതരികയും ചെയ്യുന്ന ഏകനായ അല്ലാഹുവിലേക്കാണ് ഞാൻ ക്ഷണിക്കുന്നത്' (അഹ്മദ്).

രോഗങ്ങളിൽനിന്ന് അല്ലാഹുവിനോട് രക്ഷതേടാനായി നബിﷺ പഠിപ്പിച്ച പ്രാർഥന ഇപ്രകാരം കാണാം. അനസ്ؓവിൽ നിന്ന്; നബിﷺ പറയാറുണ്ടായിരുന്നു: 'അല്ലാഹുവേ, നിശ്ചയം ഞാൻ നിന്നോട് പാണ്ട് രോഗത്തിൽനിന്നും കുഷ്ഠരോഗത്തിൽനിന്നും ചീത്ത രോഗങ്ങളിൽനിന്നും കാവൽ തേടുന്നു"(അബൂദാവൂദ്).

അയ്യൂബ് നബിؑ പ്രയാസങ്ങൾ നേരിട്ട സന്ദർഭത്തിൽ അല്ലാഹുവിനെ വിളിച്ച് ആവലാതി പറഞ്ഞതും അതിന് പ്രതിവിധിയുണ്ടായതുമായ കാര്യത്തെ സംബന്ധിച്ച് ക്വുർആൻ പറയുന്നു: "അയ്യൂബിനെയും (ഓർക്കുക). തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അവരോടൊപ്പം അവരുടെ അത്രയുംപേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും ആരാധനാനിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്" (21:83,84).




പ്രയാസപ്പെടുന്നവന്റെ വിളി ഉയരേണ്ടത് അല്ലാഹുവിലേക്കാണെന്നും യഥാർഥ പരിഹാരം കാംക്ഷിക്കേണ്ടത് അവനിൽനിന്നാണെന്നും അതുകൊണ്ട് മാത്രമെ ശരിയായ ആശ്വാസം ലഭിക്കുകയുള്ളൂ എന്നും ബോധ്യമാക്കിത്തരുന്ന ഈ തെളിവുകളെയെല്ലാം പരിഹസിക്കുംവിധമാണ് സമസ്ത കൊണ്ടു നടക്കുന്ന മൂഢവിശ്വാസങ്ങളെന്ന് പറയാതെവയ്യ!

വലിയ പോരിശയോടെ ഉയർത്തിക്കാട്ടുന്ന മൻക്വൂസ് മൗലിദിലെ ശിർക്കിന്റെ വരികളും പൊള്ളത്തരങ്ങളും കൂടി പരിശോധിക്കാം.

1. 'ശ്രദ്ധിക്കുക(അറിയുക) ആദം നബി (പശ്ചാത്തപിക്കാൻ) ഇടയാളനാക്കിയവരാണവർ. ആദം നബിؑ അഭിമാനംകൊള്ളുകയും ചെയ്തു' (മൻഖൂസ് മൗലിദ് പരിഭാഷ, വ്യാഖ്യാനം/ പേജ് 23). ഇത് പ്രമാണങ്ങളിൽ എവിടെയും സ്ഥിരപ്പെട്ടിട്ടില്ല; ശിയാക്കളുടെ നിർമിതിയാണ്.

2. 'നൂഹ് നബിؑ അവരെക്കൊണ്ട് സഹായാർഥന നടത്തിയിട്ടുമുണ്ട്. തദ്ഫലമായി നൂഹ് നബി അപകടത്തിൽ നിന്ന് രക്ഷപ്പെട്ടു' (മൻഖൂസ് മൗലിദ് പരിഭാഷ, വ്യാഖ്യാനം, പേജ് 23,24).

എന്നാൽ ക്വുർആൻ പഠിപ്പിച്ചത് കാണുക: "അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും ഭാരം നിറക്കപ്പെട്ട കപ്പലിൽ നാം രക്ഷപ്പെടുത്തി. പിന്നെ ബാക്കിയുള്ളവരെ അതിന് ശേഷം നാം മുക്കി നശിപ്പിക്കുകയും ചെയ്തു. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല" (ക്വുർആൻ 26:119-121).

3. "അല്ലാഹുവിന്റെ മിത്രമായ ഇബ്രാഹിം നബിؑന്റെ മുതുകിലും എന്നെ അവൻ ആക്കിയിരുന്നു. അവരെ അഗ്നിയിൽ എറിയപ്പെട്ട സന്ദർഭത്തിൽ" (മൻഖൂസ് മൗലിദ് പരിഭാഷ, വ്യാഖ്യാനം, പേജ് 29).

ഈ വിഷയത്തിൽ ക്വുർആനിന്റെ അധ്യാപനം കാണുക: "'നാം പറഞ്ഞു: തീയേ, നീ ഇബ്റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക" (21:69).

4. "അങ്ങ് നാളെ ഞങ്ങളുടെ രക്ഷ

കനാണ്. അങ്ങയുടെ ആത്മാർഥമായ ശുപാർശയാൽ അവിടുത്തെപ്പോലെ ഞങ്ങൾക്ക് മറ്റാരുണ്ട്?" (മൻഖൂസ് മൗലിദ് പരിഭാഷ, വ്യാഖ്യാനം, പേജ് 36,37).

അല്ലാഹുവിന്റെ അനുവാദപ്രകാരം മാത്രമാണ് നബിﷺ പരലോകത്ത് ശുപാർശ നടത്തുക.

"അല്ലാഹു-അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്?..." (ക്വുർആൻ 2:255).

പ്രവാചകരുടെ അവസ്ഥയെപ്പറ്റി ക്വുർആൻ പറയുന്നു: "പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി)ൽനിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല" (72:22).

5. "ദോഷങ്ങളുടെ(കൂമ്പാരങ്ങൾക്ക്) മുകളിൽ ഞാൻ കേറിയിരിക്കുന്നു; എണ്ണവും ക്ലിപ്തവുമില്ലാത്ത വിധം. അങ്ങയോടാണ് ഞാൻ അതിൽ ആവലാതി പറയുന്നത്" (മൻഖൂസ് മൗലിദ് പരിഭാഷ, വ്യാഖ്യാനം/പേജ് 37).

പാപങ്ങൾ പൊറുത്തുകിട്ടാൻ പടപ്പുകളോടു തേടുന്നവർ '...പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?...' (ക്വുർആൻ 3:135) എന്ന അല്ലാഹുവിന്റെ ചോദ്യം കണ്ടില്ലെന്ന് നടിക്കുകയാണോ?

ഇത്തരം പൊള്ളത്തരങ്ങൾ എങ്ങനെ ഇസ്‌ലാമികമാകും? യഥാർഥ വിശ്വാസികൾ ഇതെങ്ങനെ അംഗീകരിക്കും? പ്രമാണങ്ങളുടെ യാതൊരു പിൻബലവുമില്ലാത്ത ഈ മാലകളും മൗലിദുകളും ഓതിയാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയല്ല മറിച്ച് ഏറ്റവും വലിയ അക്രമമായ ശിർക്കിൽ അകപ്പെട്ട് പ്രശ്നം സങ്കീർണമാവുകയാണ് ചെയ്യുക.

മറ്റൊരു മുസ്‌ലിയാർ ബുദ്ധിമുട്ട് നീങ്ങാനുള്ള മാർഗം 'സുന്നിവോയ്സി'ലൂടെത്തന്നെ പറഞ്ഞുതരുന്നത് കാണുക: "മോശമായി മനുഷ്യർ ജീവിക്കുന്നത് കൊണ്ടാണ് ഈ ദുർഗതി ഉണ്ടായതെന്ന് മനസ്സിലാക്കണം. തെറ്റിൽനിന്ന് പിന്തിരിയാനായി പടച്ചവൻ നൽകിയ ശിക്ഷയാണ് ഇത്. നാഥന് വിധേയപ്പെട്ട് ജീവിച്ചാൽ അവൻ തന്നെ ഈ ഇടങ്ങേറിൽ നിന്ന് നമ്മെ രക്ഷപ്പെടുത്തും" (സുന്നിവോയ്സ്, 2020 ആഗസ്റ്റ് 16-31, പേജ് 5).



സമസ്തയുടെ അനുയായികൾ അഥവാ സുന്നിവോയ്സിന്റെ വായനക്കാർ ഇതിൽ ഏതു സ്വീകരിക്കും?

തൗഹീദിൽ അടിയുറക്കാത്തവരുടെ സ്വഭാവത്തെക്കുറിച്ച് ക്വുർആൻ പറഞ്ഞത് എത്ര വ്യക്തം: "നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽനിന്നുള്ളതാകുന്നു. എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്കു തന്നെയാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്. പിന്നെ നിങ്ങളിൽനിന്ന് അവൻ കഷ്ടത നീക്കിത്തന്നാൽ നിങ്ങളിൽ ഒരു വിഭാഗമതാ തങ്ങളുടെ രക്ഷിതാവിനോട് പങ്കാളികളെ ചേർക്കുന്നു" (16:53,54).

വിശ്വാസികൾ അവസരവാദികളായിക്കൂടാ എന്നേ പറയാനുള്ളൂ.




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 203 – ചോദ്യങ്ങൾ

1) ഹിജ്റ എട്ടാം വർഷം ഹുനൈൻ യുദ്ധം കഴിഞ്ഞ് മദീനയിലേക്ക് തിരിച്ചുപോകുന്ന വഴിയിൽ എവിടെവെച്ചാണ് നബി(സ) വയോവൃദ്ധയായ ഹലീമയെ കണ്ടുമുട്ടിയത്?

(1) ജഅ്റാനയിൽ (2) വാദിസാലിമിൽ (3) തബൂക്കിൽ

2) ഹലീമയുടെ ഗോത്രം?

(1) ബനൂക്വുറൈള (2) ക്വുറൈശി (3) ബനൂസഅദ്

3) "ഞാൻ താങ്കളോട് മൂന്ന് ചോദ്യങ്ങൾ ചോദിക്കും. ഒരു യഥാർഥ പ്രവാചകനല്ലാതെ അതിന് ഉത്തരം അറിയുക സാധ്യമല്ല." നബി(സ)യോട് ഇങ്ങനെ പറഞ്ഞ ജൂതനേതാവ്?

(1) അബ്ദുല്ലാഹിബ്നു സലാം (2) അബ്ദുല്ലാഹിബ്നു സലീം (3) അബൂസാലിം

4) മനുഷ്യകോശത്തിൽ എത്ര ജോഡി ക്രോമസോമുകളാണ് ഉള്ളത്?

(1) 33 (2) 23 (3) 46

5) കുട്ടിയുടെ ലിംഗനിർണയം നുത്വ്ഫയുടെ സ്റ്റേജിൽ തന്നെ, അഥവാ പുരുഷ ബീജവും സ്ത്രീബീജവും ഗർഭാശയത്തിൽ കൂടിച്ചേരുമ്പോൾ തന്നെ തീരുമാനിക്കപ്പെടുന്നു എന്ന് കൃത്യമായ സൂചന നൽകുന്ന ക്വുർആൻ വചനങ്ങൾ?

(1) 53:45-46 (2) 45:53 (3) 46: 53

6) പരലോകത്തെ അപേക്ഷിച്ച് ഇഹലോകത്തിന്റെ അവസ്ഥ എങ്ങയൊണ് എന്നാണ് നബി(സ) പറഞ്ഞത്?

(1) കണ്ണിമവെട്ടുന്നതുപോലെ (2) കൈവിരൽ സമുദ്രത്തിൽ മുക്കിയെടുത്തതു പോലെ
(3) വെള്ളിനാണയം പോലെ

7) 1961ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ എത്ര ഭാഷകളുണ്ട്?

(1) 1652 (2) 2000 (3) 1560

8) മുസ്‌ലിംകളുടെ ഭാഷയായ അറബിയുടെ ലിപി സ്വീകരിക്കപ്പെട്ടതിനാൽ ഉറുദുവുമായി ചേരാതെ ഖഢീബോലിയുടെ മറ്റൊരു പിരിവ് സംസ്കൃതത്തോടടുക്കുകയും പുതിയ രൂപം പ്രാപിക്കുകയും അത് പിന്നീട് ...................... എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

(1) സംസ്കൃതം (2) തമിഴ് (3) ഹിന്ദി

9) "നിങ്ങൾ (യുദ്ധത്തിൽ) നേടിയെടുത്ത ഏതൊരു വസ്തുവിൽനിന്നും അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും റസൂലിനും (റസൂലിന്റെ) അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും പാവപ്പെട്ടവർക്കും വഴിപോക്കർക്കും ഉള്ളതാണെന്ന് നിങ്ങൾ മനസ്സിലാക്കുവിൻ" ഇത് ഏതു സൂറത്തിലെ വചനമാണ്?

(1) അൻഫാൽ (2) അഅ്റാഫ് (3) സജദ

10) "പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി)ൽനിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല."

(1) 27:72 (2) 72:22 (3) 22:77

മെഗാ – ഫൈനൽ ക്വിസ് മത്സരങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് നേർപഥം പേജ് 17 നോക്കുക

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# മറക്കാനാവാത്ത ചില ഗുരുമുഖങ്ങൾ

"കുപ്പികളൊക്കെ ഒഴിഞ്ഞോ? വരുന്ന ശനിയാഴ്ച രാവിലെ എല്ലാം പെറുക്കി വീട്ടിൽ വരണം."

തെറ്റിദ്ധരിക്കേണ്ട; 1994ലെ അധ്യാപക പരിശീലന കാലത്തെ ഒരു അനുഭവമാണ് പങ്കുവയ്ക്കുന്നത്.

മറ്റു മൂന്ന് ആൺകുട്ടികൾക്കൊപ്പം ഒരു വീട് വാടകക്കെടുത്താണ് തെക്കൻ കേരളത്തിലെ ടി.ടി.സി. പഠനകാലം പിന്നിട്ടത്. ആൺകുട്ടികൾ ആയതുകൊണ്ട് തന്നെ വെപ്പും തീനുമൊക്കെ ഒരു 'കഥ'യായിരുന്നു. അത് അറിയാവുന്ന ടി.ടി.ഐ അധ്യാപികയായ ഇന്ദിരാഭായ് ടീച്ചർ ഞങ്ങൾക്ക് കഴിക്കാനായി ഇടയ്ക്കിടെ ഒരു വലിയ ഹോർലിക്സ് കുപ്പി നിറയെ അച്ചാർ കൊണ്ടുവന്ന് തരും. ചാമ്പക്ക, നെല്ലിക്ക, മാങ്ങ, നാരങ്ങ തുടങ്ങിയവ കൊണ്ട് വീട്ടിൽ തയ്യാറാക്കിയ ആ അച്ചാറിന്റെ രുചി പറഞ്ഞറിയിക്കാനാവാത്തതാണ്. ഇടയ്ക്ക് ബോണസ്സായി ഒരു കുപ്പി നിറയെ നല്ല കട്ടിയുള്ള മോരുകറിയും ഉണ്ടാകും.

കാലിക്കുപ്പികളുടെ എണ്ണം കൂടുമ്പോൾ അത് 15 കിലോമീറ്റർ അകലെയുള്ള ടീച്ചറുടെ വീട്ടിൽ എത്തിക്കൽ ഞങ്ങളുടെ ചുമതലയാണ്. ക്ലാസ്സ് ഇല്ലാത്ത ശനിയാഴ്ചയോ ഞായറാഴ്ചയോ എത്തിക്കാനാണ് ടീച്ചർ ആവശ്യപ്പെടുക. കുപ്പികളുമായി വീട്ടിൽ പോകുന്ന അന്നും ഞങ്ങൾക്ക് ആഘോഷമാണ്. രുചികരമായ വിഭവങ്ങൾ അടങ്ങുന്ന ഉച്ചഭക്ഷണം കഴിപ്പിച്ചേ ടീച്ചർ ഞങ്ങളെ വിടൂ. തിരികെ പോരുമ്പോൾ അച്ചാറിനും മോരു കറിക്കും ഒപ്പം മറ്റു വിഭവങ്ങളും പായ്ക്ക് ചെയ്തു തരും.

ടീച്ചറുടെ ഭർത്താവ് അന്ന് വീടിനടുത്ത് തന്നെയുള്ള ഹൈസ്കൂളിലെ പ്രധാനാധ്യാപകനാണ്. അവർക്ക് മൂന്ന് മക്കളുമുണ്ട്. ആൺമക്കൾ രണ്ടുപേരും എഞ്ചിനീയർമാരാണ്; മകൾ ഡോക്ടറും. ആ മക്കളോട് കാണിക്കുന്ന അതേ സ്നേഹവായ്പുകൾ വിദ്യാർഥികളായ ഞങ്ങളോടും ടീച്ചർ കാണിച്ചിരുന്നു. അധ്യാപക ദിനത്തിൽ മനസ്സിലിടം നേടിയ ചുരുക്കം ചിലർക്ക് വിളിച്ച് ആശംസകൾ നേരാറുണ്ട്. അതിൽ ആദ്യം വിളിക്കാൻ ഓർമ വരുന്ന മുഖവും ടീച്ചറിന്റെതാണ്. ടി.ടി.സി. കോഴ്സ് കഴിഞ്ഞിട്ട് കാൽ നൂറ്റാണ്ട് ആയെങ്കിലും ഇന്നും ആ സ്നേഹബന്ധം തുടരുന്നു. തെക്കൻ കേരളത്തിലേക്ക് പോകുന്നുണ്ടെങ്കിൽ ടീച്ചറെ സന്ദർശിക്കാതെ തിരിച്ചുപോരാറില്ല. കുടുംബ സമേതം സന്ദർശിക്കലാണ് ടീച്ചർക്ക് ഏറെയിഷ്ടം.

26 വർഷങ്ങൾക്ക് ശേഷം സംഘടിപ്പിച്ച എസ്.എസ്.എൽ.സി. ബാച്ച് സംഗമത്തിൽ പത്താം ക്ലാസ്സിലെ വിദ്യാർഥികളുടെ പേരുകളും അവർ ഇരുന്നിരിന്ന ബെഞ്ചും സീറ്റുമൊക്കെ ഓർത്തെടുത്തു പറഞ്ഞ് ഞങ്ങളെ ആശ്ചര്യപ്പെടുത്തിയ ബയോളജി അധ്യാപകനെയും ടി.ടി.സി. പഠനകാലത്ത് അവധിക്ക് നാട്ടിൽ പോകുമ്പോൾ 'വണ്ടിക്കൂലിക്ക് പണമില്ലേ' എന്ന് രഹസ്യമായി അന്വേഷിച്ചിരുന്ന പ്രിൻസിപ്പാളിനെയും കോളേജ് പഠന കാലത്ത് വിദ്യാർഥികൾക്ക് പണം കടംകൊടുക്കത്തക്ക സൗഹൃദം പുലർത്തിയിരുന്ന അധ്യാപകനെയുമൊക്കെ എങ്ങനെ മറക്കാനാകും.

ഓർക്കാൻ ഇഷ്ടപ്പെടാത്ത ഒരു അധ്യാപകന്റെ മുഖവും മനസ്സിലുണ്ട്. ഏഴാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് കണക്ക് ഹോംവർക്ക് ചെയ്യാത്തവർക്ക് നൽകുന്ന പ്രാകൃത ശിക്ഷയാണ് അദ്ദേഹത്തോടുള്ള ഇഷ്ടമില്ലായ്മക്ക് കാരണം. ഗൃഹപാഠം ചെയ്യാത്ത കുട്ടികളെ കൈമുഷ്ടികൊണ്ട് മേശയുടെ വക്കിൽ ഇടിപ്പിക്കും. കൂടെ അദ്ദേഹം ഇടിയുടെ എണ്ണവുമെടുക്കും. ഇടിയുടെ വേഗത കുറഞ്ഞാൽ എണ്ണൽ ഒന്നിൽ നിന്നും വീണ്ടും ആരംഭിക്കും. ചില ദിവസങ്ങളിൽ ഇടിപ്പിക്കലിനു പുറമെ ചൂരൽ പ്രയോഗവും നടത്തും. ചോരയൂറിയതും തൊലിപോയതുമായ കൈകളുമായി അധ്യാപകനെ ശപിക്കുന്ന ശിഷ്യഗണങ്ങളുടെ മനസ്സ് അദ്ദേഹത്തിന് വായിക്കാനായില്ല.

അധ്യാപനം ഒരു കലയാണ്. ഉത്തമമായ തലമുറയെ വാർത്തെടുക്കുന്നതിനായി സ്വയം ജ്വലിച്ചു കൊണ്ടിരിക്കുന്ന വിളക്കുമാടങ്ങളാകണം അധ്യാപകർ. പഠിതാക്കളിലെ വൈവിധ്യങ്ങളെ തിരിച്ചറിയാനും അവരെ മാനിക്കാനും ആദരിക്കാനും അധ്യാപകർ ശ്രമിക്കണം. പഠിതാക്കളോട് സ്നേഹപൂർവം ഇടപെടുന്ന അധ്യാപകരെയാണ് എല്ലാ വിദ്യാർഥികളും നെഞ്ചിലേറ്റുക എന്നത് മറക്കാതിരിക്കുക.

WISDOM
ISLAMIC ORGANIZATION

# അഞ്ചാം വയസ്സിലേക്ക്...

5




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം

## 2020 ഡിസംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 DECEMBER 05

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള
**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**